| 4 | എരുമ | | 40 | ഒരു എരുമയ്ക്ക് 900-1250 ലിറ്റർ പാൽ |
| 5 | പന്നി | | 150 | |
| 6 | മുട്ടക്കോഴി | | 6000 | |
| 7 | ഇറച്ചിക്കോഴി | | 26000 | |
| 8 | താറാവ് | | 150 | |
| 9 | കാട | | 175 | |

## കന്നുകാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം

| ക്രമനമ്പർ | ഇനം | കുടുംബം | അടിസ്ഥാന സൗകര്യങ്ങൾ | | |
|---|---|---|---|---|---|
| | | | തൊഴുത്ത്/കൂട് | ബയോഗ്യാസ് | ഉപകരണങ്ങൾ |
| 1 | പശു/എരുമ | 754 | 550 | | |
| 2 | ആട് വളർത്തൽ | 360 | 230 | | |
| 3 | കോഴി വളർത്തൽ | 1400 | 1200 | | |

## ഫാമുകളുടെ എണ്ണം

| ക്രമ നമ്പർ | ഇനം | തരം/ക്ലാസ്സ് | സർക്കാർ | സ്വകാര്യം | മറ്റുള്ളവ | മാലിന്യ നിർമ്മാർജ്ജന സംവിധാനം ഉള്ളവ |
|---|---|---|---|---|---|---|
| 1 | ഡയറി ഫാം | 3 | | 4 | | 4 |
| 2 | ഗോട്ട് ഫാം | 0 | | 0 | | 0 |
| 3 | ഇറച്ചിക്കോഴി | 80 | | 80 | | 75 |
| 4 | മുട്ടക്കോഴി | 0 | | 0 | | 0 |

# ക്ഷീര സംഘങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിലെ ക്ഷീരസംഘങ്ങൾ | ആകെ അംഗങ്ങൾ | തദ്ദേശ ഭരണ സ്ഥാപന ത്തിലെ ഉത്പാദ കർ | ആകെ ഉല്പാ ദനം (വാർഷികം) | തദ്ദേശഭരണ സ്ഥാപനത്തിലെ ഉത്പാദനം (വാർഷികം) |
|---|---|---|---|---|---|
| 1 | APCOSകാലാമ്പൂർ | 180 | | 1300 ലിറ്റർ | |
| 2 | APCOS മണപ്പുഴ | 25 | | 130 ലിറ്റർ | |
| 3 | APCOS ഏനാനല്ലൂർ | 17 | | 120 ലിറ്റർ | |
| 4 | APCOS പേരമംഗലം | 50 | | 460 ലിറ്റർ | |

**തദ്ദേശഭരണ സ്ഥാപനത്തിൽ നിലവിലുള്ള പശുക്കുട്ടികളുടെ വിവരങ്ങൾ**

തദ്ദേശ ഭരണ സ്ഥാപനത്തിൽ നിലവിലുള്ള പശുക്കുട്ടികളുടെ എണ്ണം - 550

പ്രത്യേക കന്നുകുട്ടി പരിപാല പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർ - 120

നായ്ക്കൾ

(എ)

ആകെ നായ്ക്കളുടെ എണ്ണം - 600

ലൈസൻസുള്ളവ

(ബി) - 95

തെരുവ് നായ്ക്കളുടെ എണ്ണം - 100

എ.ബി.സി നടത്തിയ - ഇല്ല

മൃഗ ചികിത്സ സൗകര്യം (എണ്ണം)

വെറ്ററിനറി ആശുപത്രി - 1

ലബോറട്ടറി യൂണിറ്റ് - 0

# പ്രാദേശിക സാമ്പത്തിക വികസനം

**ഇന്നത്തെ അവസ്ഥ**

നമ്മുടെ പഞ്ചായത്തിൽ പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ പദ്ധതികാലയളവിൽ കുടുംബശ്രീ മുഖേനയും മറ്റ് ഗ്രൂപ്പുകൾക്കും സ്വയംഭരണ സംരഭങ്ങൾക്കായി പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. വനിതകൾക്കുവേണ്ടി നിർബന്ധമായും മാറ്റി വയ്ക്കേണ്ട 10 ശതമാനം തുക സ്വയം സംരംഭങ്ങൾക്കുവേണ്ടി നീക്കി വച്ചെങ്കിലും അവയൊന്നും ഉദ്ദേശിച്ച രീതിയിൽ വിജയിപ്പിക്കുവാൻ നമുക്ക് സാധിച്ചില്ല. പഞ്ചായത്തിൽ തൊഴിലില്ലാത്ത നിരവധി ചെറുപ്പക്കാർ ഉണ്ടെങ്കിലും ആരും പ്രാദേശിക സംരംഭങ്ങൾ ഏറ്റെടുക്കുവാനോ അതിലൂടെ തൊഴിലും സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്തുന്നതിനോ മുന്നോട്ട് വരുവാൻ തയ്യാറായില്ല. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായ സാമ്പത്തിക ഭദ്രതയും തൊഴിലില്ലായ്മ കുറയ്ക്കുക എന്ന തീരുമാനവും നടപ്പിലാക്കുന്നതിനുവേണ്ടി തൊഴിൽ സഭകൾ വിളിച്ച് ചേർക്കുകയും അതിലൂടെ തൊഴലന്വേഷകരെ കണ്ടെത്തുവാൻ ശ്രമിക്കുകയും നിരവധി പേർ രജിസ്റ്റർ ചെയ്യുകയും ഉണ്ടെങ്കിലും ഇവർക്ക് മതിയായ തൊഴിൽ കൊടുക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്ന സമയത്ത് ഗുണഭോക്താക്കളുടെ ലഭ്യത കുറവ് ഏറെ പ്രശ്നമാണ്. നിരവധി ഗ്രൂപ്പ് സംരംഭങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ മുഖേന തുടങ്ങുവാൻ തുകയും പദ്ധതികളും സർക്കാർ നൽകുന്നുണ്ടെങ്കിലും കുടുംബശ്രീ യൂണിറ്റുകൾ ലോൺ എടുക്കുക എന്ന പ്രക്യയയിൽ മാത്രം ഒതുങ്ങി നിൽക്കുന്നത് കാണാൻ സാധിക്കുന്നു. ആയതിനാൽ പ്രാദേശിക സാമ്പത്തികവികസനം എന്ന വിഷയം മേഖലയിൽ നാം ഇന്നത്തെ അവസ്ഥ വച്ച് നോക്കുമ്പോൾ ഏറെ പിന്നിലാണ്. ആകെ തൊഴിൽ സംരംഭം 2 യൂണിറ്റ്, പട്ടികജാതി സംരംഭങ്ങൾ 2 എണ്ണം

# ദാരിദ്ര്യ ലഘൂകരണം

## ഇന്നത്തെ അവസ്ഥ

ആയവന ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ജനകീയാസൂത്രണം ആരംഭിക്കുന്ന കാലഘട്ടത്തിൽ ദാരിദ്ര്യംകൊ് കഷ്ടപ്പെടുന്നവരായിരുന്നു. സ്വന്തമായി വീടില്ലാത്ത നിരവധി കു ടുംബങ്ങൾ പഞ്ചായത്തിൽ ഉായിരുന്നു. എല്ലാ വാർഷിക പദ്ധതികളിലും പാർപ്പിടത്തിന് ഊന്നൽ നൽകികൊണ്ട് പദ്ധതി ആസൂത്രണം ചെയ്യുന്നത് വഴി പാർപ്പിട രംഗത്തെ പ്രശ്നം ഒരുപരിധിവരെ ഒഴിവാക്കുവാൻ നമുക്ക് സാധിച്ചു. എന്നിരുന്നാലും ഇനിയും ഈ രംഗത്ത് കുറെയേറെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. 13-ാം പഞ്ചവത്സരപദ്ധതിയുടെ അവസാന വാർഷികപദ്ധതിയിലൂടെ ലൈഫ് മിഷൻ പോലുള്ള പദ്ധതികൾ ആവിഷ്കരിക്കുക വഴി പഞ്ചായത്തിൽ ലഭ്യമായ തുകയുടെ 20% തുക പാർപ്പിട പ്രശ്നത്തിന് മാത്രമായി മാറ്റിവെച്ചുകൊണ്ട് ഓരോ വാർഷിക പദ്ധതിയിലും ഘട്ടം ഘട്ടമായി പാർപ്പിട രംഗത്തെ പ്രശ്നം നാം പരിഹരിച്ച് വരികയാണ്.

അതോടൊപ്പം പഞ്ചായത്തിലെ നല്ലവരായ വ്യക്തികളുടെ സഹകരണത്തോടുകൂടി വീടുകൾ നിർമ്മിച്ച് നൽകുക വഴി വീടില്ലാത്ത കുറേ കുടുംബങ്ങൾക്ക് പാർപ്പിടം ലഭ്യമാക്കുവാൻ നമുക്ക് സാധിച്ചു. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്കുവേണ്ടി ഗൺമെന്റിന്റെ പ്രത്യേക പദ്ധതിയായ മനസ്സോടിത്തിരി മണ്ണ് എന്ന പരിപാടിയിലൂടെ സംസ്ഥാനത്തെ വ്യവസായ സംരംഭകരുടെ സന്മനസോടുകൂടി 18-ഓളം പേർക്ക് സ്വന്തമായി സ്ഥലവും പാർപ്പിടവും ലഭ്യമാക്കുവാൻ നമുക്ക് സാധിച്ചു. 2020-25 വാർഷിക പദ്ധതിയിലൂടെ ഏകദേശം 319 പേർക്ക് സ്വന്തമായി വീട് നിർമ്മിച്ച നൽകുന്നതിനും സ്ഥലമില്ലാത്ത 35 ഓളം പേർക്ക് സ്ഥലവും വീടും ലഭ്യമാക്കുവാൻ നമുക്ക്സാധിച്ചു എന്നത് ഏറെ അഭിമാനകരമാണ്.

സ്വന്തമായി കക്കൂസില്ലാത്ത മുഴുവൻ പേർക്കും കഴിഞ്ഞ വാർഷിക പദ്ധതികളിലൂടെ കക്കൂസ് നൽകുകവഴി ഒരു സംപൂർണ്ണ ശുചിത്വ നിർമ്മാർജ്ജന പഞ്ചായത്തായി പ്രഖ്യാപിക്കുവാൻ നമുക്ക് സാധിച്ചു എന്നുള്ളത് ജനകീയാസൂത്രണ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടമാണ്. പാർശ്വവത്ക്കരിക്കപ്പെട്ട മേഖലകളിലെ ഗുണഭോക്താക്കൾക്ക് പാർപ്പിടവും കക്കൂസും നൽകുകവഴി 75% ഓളം കുടുംബങ്ങളെ സമൂഹത്തിന്റെ മുൻപന്തിയിൽ എത്തിക്കുവാൻ നമുക്ക് സാധിച്ചു. കഴിഞ്ഞ വാർഷികപദ്ധതിയിൽ നാം ഏറ്റെടുത്ത് നടപ്പിലാക്കുന്ന ദാരിദ്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി ഗവ.മാർഗ്ഗനിർദ്ദേശങ്ങളുടെ ഭാഗമായി പ്രഖ്യാപിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ അതിദരിദ്രരെ കത്തെുന്നതിനുള്ള സർവ്വേ നടത്തുകയും 16-ഓളം അതിദരിദ്രരെ കത്തെി അവരെ ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ 16 കുടുംബങ്ങൾക്കും ആവശ്യമായ മുഴുവൻ ആവശ്യങ്ങളും അതിദരിദ്ര മൈക്രോപ്ലാൻ ഉപപദ്ധതിയിലൂടെ നാം ഇവരുടെ ആവശ്യങ്ങൾ എല്ലാം ഘട്ടം ഘട്ടമായി പൂർത്തീകരിച്ചിട്ടുണ്ട്. 14 -ാം പദ്ധതിയുടെ അവസാന ഘട്ടത്തോടുകൂടി സഹപൂർണ്ണ ദാരിദ്യ നിർമ്മാർജ്ജന പഞ്ചായത്തായി പ്രഖ്യാപിക്കുവാൻ നമുക്ക് സാധിച്ചു.

| ദാരിദ്ര്യലഘൂകരണം | 2000 | 2005 | 2010 | 2015 | 2023-2024 |
|---|---|---|---|---|---|
| പാർപ്പിടം | | | | 800000 | 15720000 |
| കക്കൂസ് | | | | | കക്കൂസ് ഇല്ലാത്ത മുഴുവൻ പേർക്കും കക്കൂസ് നൽകി |
| | | | | | |
| | | | | | |

## കുടുംബങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| ജനറൽ | എസ്.സി. | എസ്.ടി | ആകെ കുടുംബങ്ങൾ |
|---|---|---|---|
| 5006 | 300 | 19 | 5325 |

## മുൻഗണനാ വിഭാഗങ്ങൾ

| ഐ.എ.വൈ. | ബി.പി.എൽ | മുൻഗണനാ വിഭാഗം | നിരാലംബരായ കുടുംബങ്ങൾ | മറ്റുള്ളവർ | ആകെ മുൻഗണനാ വിഭാഗങ്ങൾ |
|---|---|---|---|---|---|
| 270 | 2000 | 1450 | 100 | | |

## പാർപ്പിടം

| ക്രമനമ്പർ | വിഭാഗം | ജനറൽ | എസ്.സി. | എസ്.ടി. | ആകെ |
|---|---|---|---|---|---|
| 1 | ഭൂരഹിതർ | 85 | 16 | 2 | 103 |
| 2 | ഭവനരഹിതർ | 20 | 6 | 1 | 27 |
| 3 | വാസയോഗ്യമല്ലാത്ത വീടുള്ളവർ | 90 | 13 | 1 | 104 |
| 4 | അറ്റകുറ്റപ്പണികൾ നടത്തിയാൽ വാസയോഗ്യമാക്കാവുന്ന വീടുള്ളവർ | 90 | 14 | 1 | 105 |
| 5 | സാമ്പത്തിക സഹായം നൽകിയിട്ടും പൂർത്തീകരിക്കാൻ ശേഷിയില്ലാത്തവർ | 0 | 0 | | 0 |

## അടിസ്ഥാന സൗകര്യങ്ങൾ

| ക്രമനം | വിഭാഗം | എണ്ണം |
|---|---|---|
| 1 | വൈദ്യുതിയില്ലാത്ത കുടുംബം | 0 |
| 2 | കക്കൂസ് ഇല്ലാത്ത കുടുംബം | 0 |
| 3 | പൈപ്പ് കണക്ഷൻ ഉള്ള കുടുംബം | 5100 |

# ആയവന ഗ്രാമപഞ്ചായത്ത് ബി.പി.എൽ. ലിസ്റ്റ്

| വാർഡ് | എണ്ണം |
|---|---|
| I | 237 |
| II | 240 |
| III | 172 |
| IV | 144 |
| V | 103 |
| VI | 218 |
| VII | 89 |
| VIII 139 | |
| IX | 134 |
| X | 141 |
| XI | 125 |
| XII | 122 |
| XIII | 147 |
| ആകെ | 2011 |

# സാമൂഹ്യ നീതി

## ഇന്നത്തെ അവസ്ഥ

പഞ്ചായത്തിലെ വയോധികർക്കും ഭിന്നശേഷിക്കാർക്കും സാമൂഹ്യ നീതി ഉറപ്പാക്കുന്ന തരത്തിലുള്ള പദ്ധതികൾ എല്ലാവർഷവും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ പ്രവർത്തിക്കുന്നുണ്ട്. അതിലൂടെ വയോധികരായ കിടപ്പു രോഗികൾക്ക് മരുന്നും പരിചരണവും ഉറപ്പാക്കുന്നുണ്ട്. എല്ലാ വാർഷിക പദ്ധതികളിലും ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പുകൾ നൽകുന്നുണ്ട്. ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിനായി അവരുടെ മാതാപിതാക്കൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന്റെയും ആനുകൂല്യങ്ങൾ നൽകുന്നതിനെ പറ്റിയും എല്ലാവർഷവും ബോധവൽക്കരണം നടത്തുന്നുണ്ട്. സംസ്ഥാനത്തെ വികലാംഗ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് വികലാംഗർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിന് എല്ലാ വാർഷിക പദ്ധതികളിലും പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. മറ്റ് വൈകല്യമുള്ളവർ പഞ്ചായത്തിൽ എണ്ണത്തിൽ കുറവാണെങ്കിലും അവർക്കും സമൂഹത്തിൽ സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

| സാമൂഹ്യനീതി | 2000 | 2005 | 2010 | 2015 | 2020 |
|---|---|---|---|---|---|
| മാനസിക വൈകല്യം ഉള്ള വർ | 80 | 100 | 77 | 60 | 77 |
| ശാരീരിക വൈകല്യം ഉള്ള വർ | 120 | 100 | | | 115 |
| സ്കോളർഷിപ്പ് | | | | 375700 | |

# മാനസിക - ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ

| ക്ര.നം | | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|---|
| 1 | മാനസിക വൈകല്യം ബാധിച്ചവർ | 80 | 55 | 135 |
| 2 | ശാരീരിക വൈകല്യം ബാധിച്ചവ് | 122 | 140 | 262 |
| 3 | ആകെ എണ്ണം | 202 | 195 | 317 |
| 4 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടു ോ? | ഉ ് | | |
| | സഹായ ഉപകരണങ്ങൾ | ലഭ്യമായവരുടെ എണ്ണം | ഇനിയും ലഭിക്കാനുള്ളവരുടെ എണ്ണം | |
| | ട്രൈ മോട്ടോർ സൈക്കിൾ | | | |
| | ആർട്ടിഫിഷ്യൽ ലിംഫ് | | | |
| | മറ്റുള്ളവ | | | |
| 5 | പഞ്ചായത്തിലെ പൊതുയിടങ്ങളും സ്ഥാപനങ്ങളും ഭിന്നശേഷി സൗഹൃദമാക്കിയിട്ടു ോ? | | ഇല്ല | |
| 6 | മാനസിക വൈകല്യം ബാധിച്ച കുട്ടികളുടെ എണ്ണം | 40 | | |
| 7 | ശാരീരിക വൈകല്യം ബാധിച്ചവർ കുട്ടികളുടെ എണ്ണം | 20 | | |
| 8 | ആകെ | 60 | | |
| 9 | ഓട്ടിസം ബാധിച്ചവർ | 3 | | |
| 10 | സെറിബ്രൽ പാൾസി ബാധിച്ചവർ | 3 | | |
| 11 | ബുദ്ധിപരമായ വെല്ലുവിളി (എം.ആർ) നേരിടുന്നവർ | 38 | | |
| 12 | കാഴ്ചശക്തി ഇല്ലായ്മ ഉള്ളവർ | 4 | | |
| 13 | കേൾവി/സംസാരശേഷി ഇല്ലാത്തവർ | 5 | | |
| 14 | ബഹുവൈകല്യം ഉള്ളവർ | 4 | | |

# വനിതാ ശിശു വികസനം

## ഇന്നത്തെ അവസ്ഥ

നമ്മുടെ പഞ്ചായത്തിലെ വനിതകളുടെ ക്ഷേമത്തിലും ഐശ്വര്യത്തിലും ഉതകുന്ന നിരവ ധി പദ്ധതികൾ എല്ലാ വാർഷിക പദ്ധതിയിലും ആവിഷ്കരിച്ച് നടപ്പാക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകളിൽ കൂടി അവരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം നടന്നുവരുന്നു. പഞ്ചായത്തിൽ ലഭ്യമാകുന്ന വികസന ഫണ്ടിന്റെ 10 ശതമാനം തുക നീക്കി വച്ചുകൊണ്ട്വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തി തൊഴിൽ അധിഷ്ഠിതവും സംമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിനുവേണ്ട പദ്ധതികൾക്ക് മുൻണന നൽകേണ്ടതാണ്. പഞ്ചായത്തിലെ മുഴുവൻ വികസന പ്രക്രിയകളിലും അവർക്ക് മതിയായ പ്രാതിനിത്യം നൽകുന്നുണ്ട്. വനിതകൾക്ക് സമൂഹത്തിൽ ഉന്നത സ്ഥാനം ലഭ്യമാക്കു ന്നതിനും സ്ത്രീ പുരുഷ സമത്വം ഉറപ്പാക്കുന്നതിനും വേണ്ട പരിപാടികൾ വരും വർഷങ്ങളിൽ ആവിഷ്കരിക്കേതാണ്. പല കുടുംബസ്ത്രീകളും സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുവാൻ വിമുഖത കാണിക്കുന്നു. അവർക്ക് ലഭിക്കുന്ന സാമ്പത്തിക സേവനങ്ങൾ അതിന്റേതായ അർത്ഥത്തിൽ ഉപയോഗിക്കുന്നില്ല.

ശിശുക്കളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടി സംയോജിത ശിശുവികസന പദ്ധതി യുടെ കീഴിലുള്ള അംഗനവാടികൾ, നല്ല രീതിയിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 18 അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അനുപൂരക പോഷകാഹാര പരിപാടി നല്ല രീതിയിൽ നടപ്പാക്കുന്നുണ്ട്. അംഗൻവാടി കുട്ടികളുടെ മാനസികോല്ലാസത്തിനായി കലാപരിപാടികൾ ഉൾപ്പെടെ നിരവധി ക്യാപയിൻ പരിപാടി നടപ്പാക്കുന്ന്്. മാനസിക ശാരീരിക വൈകല്യം നേരിടുന്ന കുട്ടികൾക്കാവശ്യമായ സ്കോളർഷിപ്പുകൾ ഉൾപ്പെടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കൗമാരക്കാരായ കുട്ടികളുടെയും മൂലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണത്തിന് ഏറെ ശ്രദ്ധ പുലർത്തുന്നുണ്ട്. എല്ലാ കുട്ടികൾക്കും പോഷക സമൃദ്ധമായ ആഹാരം നൽകുന്നുണ്ട്.

**കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് ലഭ്യമായ കണക്കുകൾ**

1. നിലവിലുള്ള കുടുംബശ്രീ യൂണിറ്റുകളുടെ എണ്ണം - 176
2 പ്രർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ - 1782
3. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ചെറുകിട
 വ്യവസായ യൂണിറ്റുകൾ എത്ര? - 176
4 കുടുംബശ്രീ യൂണിറ്റുകൾക്ക് കഴിഞ്ഞ
 കാലയളവിൽ ലഭ്യമായ ലോൺ തുകകൾ - 20347000
 ഞഗഘട ലോൺ (പ്രളയ കാലഘട്ടത്തിൽ യൂണിറ്റുകൾക്ക്
 പലിശരഹിത വായ് പയായി നൽകിയ ലോൺ
 യൂണിറ്റുകളുടെ എണ്ണം - 43
 അംഗങ്ങളുടെ എണ്ണം - 23350000
 തുക
 CMHLS ലോൺ (കോവിഡ് കാലഘട്ടത്തിൽ പലിശരഹിത
 വായ്പയായി നൽകിയത്) - 46
 യൂണിറ്റുകളുടെ എണ്ണം - 486
 അംഗങ്ങളുടെ എണ്ണം - 4452500
 തുക
 ഇളടൽ നിന്നും അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് വഴി നൽകുന്ന ലോൺ
 യൂണിറ്റുകളുടെ എണ്ണം
 ലിങ്കേജ് ലോൺ
 ആകെ തുക

പിന്നോക്ക വിഭാഗ വികസന

കോർപ്പറേഷൻ ലോൺ (BULK LOAN)

CDSൽ നിന്നും അയൽക്കൂട്ടങ്ങൾക്ക് നേരിട്ട് 5% പലിശയിൽ പിന്നോക്ക വിഭാഗ വികസന കോർപ്പ റേഷനിൽ നിന്നും ലോൺ എടുത്ത് അയൽക്കൂട്ടങ്ങൾക്ക് നേരിട്ട് നൽകുന്നു.

| | | |
|---|---|---|
| ആകെ യൂണിറ്റുകളുടെ എണ്ണം | - | 41 |
| ആകെ തുക | - | 24965000 |
| ആകെ അംഗങ്ങൾ | - | 20169540 |

5 തരിച്ചടവ് എത്ര രൂപ വന്നു

6. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള വായ് പകൾ ഏതെല്ലാം.?

ബാങ്കുകളിൽ നിന്നായി അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് ലോൺ, സംരംഭ ലോൺ, സംഘകൃഷി ലോൺ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം നമുക്ക് ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ 10% ഈ മേഖലയിൽ ഉപ യോഗിക്കുന്നു എന്നുള്ളത് ഏറെ ശ്രദ്ധേയമാണ്. കൂടാതെവനിതകളുടെ അടിസ്ഥാന ആവശ്യമായഭക്ഷണം, പാർപ്പിടം, കൂടിവെള്ളം, തൊഴിൽ ലഭ്യത എന്നിവ ഉറപ്പാക്കുന്നതിലേക്ക് കഴിഞ്ഞ 25 വർഷത്തെ പദ്ധതി പ്രവർത്തനവുമായി സാധിച്ചിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വമുള്ള ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിന് അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന സാമൂഹ്യ സംവിധാനമായ ജാഗ്രതാ സമിതി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പ്രവർത്തനം നടത്തുന്നുണ്ട്. ഈ സമിതികളിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കും സൗഹൃദകരമായ സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കുകയും പരാതികൾ പരിഹരിക്കുകയും ചെയ് തുവരുന്നു.

ഭരണഘടന ഭേദഗതിയിലൂടെ സ്ത്രീകൾക്ക് 50% സംവരണം ഏർപ്പെടുത്തുക വഴി എല്ലാ മേഖലകളിലും സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുവാനും അവരെ സമൂഹത്തിന്റെ മുൻപന്തിയിലത്തിക്കുവാനും സാധിച്ചു.

## കുട്ടികളുടെ വികസനം

കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശുവികസന സേവനപദ്ധതിയിലൂടെ നമ്മുടെ പഞ്ചായത്തിൽ 2002 ൽ അങ്കണവാടികൾ ആരംഭിച്ചു. തുടക്കത്തിൽ 16 അങ്കണവാടികൾ ഉള്ളത് ഇപ്പോൾ 18 അങ്കണവാടികളായി ഉയർന്നിട്ടുണ്ട്. കുഞ്ഞുങ്ങളുടെ ബൗദ്ധീകവും സാമൂഹികവും, വൈകാരികവും, ആരോഗ്യപരവുമായ വികസനത്തിന് ഊന്നൽ നൽകി അങ്കണവാടികൾ പ്രവർത്തി ക്കുക വഴി ഈ തരത്തിലുള്ള അങ്കണവാടികൾ സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി മാറുന്നു. അനൂപ രക പോഷകാഹാര വിതരണ പരിപാടിയിലൂടെ പഞ്ചായത്തിൽ 122 ഗർഭിണികൾക്കും, 124 മുലയൂട്ടുന്ന അമ്മമാർക്കും 14 കൗമാരപ്രായത്തിലുള്ള കുട്ടികൾക്കും പോഷകാഹാര വിതരണം നടത്തുന്നു. 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സമയബന്ധിതവിദ്യാഭ്യാസം, പ്രതിരോധ കുത്തിവയ്പ്പുകളുടെ ബോധ വത്ക്കരണം, കുഞ്ഞിന്റെ ആയിരം ദിവസങ്ങൾ ബോധവൽക്കരണം, ശൈശവ പൂർവ്വകാല ബോധവത്ക്കരണവും പരിചരണവും തുടങ്ങിയ പ്രവർത്തനങ്ങളും ഭവന സന്ദർശനവും സാമൂഹ്യ അധിഷ്ഠിത പരിപാടികൾ അങ്കണവാടികളിലൂടെ നടത്തിവരുന്നു. കൗമാരപ്രായത്തിലുള്ള കുട്ടികൾക്കായി എല്ലാ അങ്കണവാടികളിലും എ.ജി. ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ ആവശ്യമായ ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നു.

ആയവന പഞ്ചായത്തിലെ 18 അങ്കണവാടികളിൽ 15 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. ജനകീയാസൂത്രണ കാലയളവിൽ ധാരാളം പുരോഗതികൾ അങ്കണവാടികൾക്കുായിട്ടുണ്ട്. എല്ലാ അങ്കണവാടികൾക്കും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളും, മെഷിനറികളും, മരുന്നുകളും, സ്മാർട്ട്ഫോൺ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾ | - | 108 |
| മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ | - | 76 |
| Mental Retardation | | 43 |
| Cerebral palsy | - | 43 |

| | | |
|---|---|---|
| Multiple disability | - | 14 |
| Autisam | - | 8 |
| Mental illness | | 5 |
| മാനസിക വെല്ലുവിളി | | 77 |
| Physically Handicaped | - | 16 |
| Locomotor Disability | - | 41 |
| Hearing Impairment | - | 8 |
| Deaf & dumb | - | 23 |
| Visually impaired | - | 19 |
| ശാരീരിക വെല്ലുവിളി | | 108 |

ഗ്രാമീണ കുടുംബങ്ങളിലെ വനിതകളുടെ ഉപജീവന മാർഗ്ഗം അഭിവൃദ്ധിപ്പെടുന്നതിനായി മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽക്കൂടി വനിതകളുടെ സാമ്പത്തീകവും ജീവിത ഉപാധി ഉറപ്പാ ക്കുന്നതിന് സഹായിച്ചിട്ടു്. (തൊഴിലുറപ്പ് പദ്ധതിയുടെ വനിത അംഗങ്ങളുടെയും അവർക്ക് ലഭിക്കുന്ന ആനുകൂല്യത്തിന്റെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

| | | |
|---|---|---|
| ആകെ രജിസ്ട്രേഷൻ | – | 2718 |
| ആകെ തൊഴിലാളികൾ | – | 4475 |
| സ്ത്രീകൾ | – | 2547 |
| Active Job Card | - | |
| Active Workers | | |
| Women | | |
| Road Work | | |
| 201718 | - | 4.36 lakh |
| 201920 | - | 6.08 lakh |
| 202021 | - | 28.46 lakh |
| 202122 | - | 18.14 lakh |
| | - | 3.51 lakh |
| | - | 22 Lakh |

ഇതിലൂടെ വനിതകൾക്ക് തൊഴിലവസരങ്ങളും ഉറപ്പാക്കി, കൂടാതെ, മീന്മസേന് തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ദിവസക്കൂലിയിനത്തിൽ വലിയൊരു തുക തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

ആയവന പഞ്ചായത്തിലെ 18 അങ്കണവാടികളിൽ 1478 കുട്ടികളുണ്ട്. ഓരോ വർഷവും അങ്കണ വാടികളിലെ 630 കുട്ടികൾക്ക് പോഷകാഹാര വിതരണം പദ്ധതിവിഹിതം ഉപയോഗിച്ചുകൊണ്ട് നടപ്പി ലാക്കിയിട്ടുണ്ട്. അങ്കണവാടികളിലെ കുട്ടികൾക്ക് ആവശ്യമായ കളിക്കോപ്പുകളും മറ്റ് സൗകര്യങ്ങളും ഇറപ്പാക്കിയിട്ടുണ്ട്. കൗമാരക്കാരായ പെൺകുട്ടികൾ 1136 പേരുണ്ട്. ഇതിൽ 114 പേർക്ക് പോഷകാഹാരം നൽകുന്നുണ്ട്

# പട്ടികജാതി/പട്ടികവർഗ്ഗ വികസനം

## ഇന്നത്തെ അവസ്ഥ

14-ാം പഞ്ചവത്സര പദ്ധതിയുടെ പൂർത്തീകരണത്തോടെ പട്ടികജാതി/പട്ടികവർഗ്ഗക്കാരെ സമൂഹത്തിന്റെ മുൻ പന്തിയിലെത്തിക്കുന്നതിനുവേണ്ട നടപടികൾ എല്ലാ വികസന മേഖലകളിലും പദ്ധതികൾ ഏറ്റെടുത്ത് നടത്തിയിട്ട്. വീടില്ലാത്ത മുഴുവൻ പട്ടികജാതിക്കാർക്കും വീട് നൽകുന്ന പദ്ധതി, വീട് മെയിന്റനൻസ്, കക്കൂസ് നിർമ്മാണം, പുനരുദ്ധാരണം, കോളനികളിൽ അടിസ്ഥാനസൗകര്യങ്ങളായ വീട്, വൈദ്യുതി, കുടിവെള്ളം, റോഡുകൾ ഇവയെല്ലാം ഘട്ടംഘട്ടമായി നടപ്പാക്കിയിട്ടുണ്ട്. ഉൽപാന മേഖലയിൽ പശു വളർത്തൽ സംരംഭങ്ങൾ എന്നിവയ്ക്കും പദ്ധതികൾ ഉണ്ടായിരുന്നു. എന്നാൽ അവയൊന്നും തുടർ പരിപാടികളായി ഏറ്റെടുത്ത് സുസ്ഥിരമാക്കാൻ ഒരു പരിധിവരെ മാത്രമേ നമുക്ക് കഴിഞ്ഞുള്ളു ജനസംഖ്യ അനുപാതത്തിൽ നമ്മുടെ പഞ്ചായത്തിൽ ഇവർ കുറവാണ്. ഗവൺമെന്റിന്റെ വികസന ഫണ്ടുകൾ ഘടക പദ്ധതിയായി വേറെ വകയിരുത്തിക്കൊണ്ട് എല്ലാ വാർഷിക പദ്ധതികളിലും പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. ഇവരെ വിദ്യാഭ്യാസപരമായി ഉയർത്തുന്നതിനുവേണ്ട പഠനോപകരണങ്ങൾ സ്കോളർഷിപ്പുകൾ ഇവ നൽകി സമൂഹത്തിന്റെ ഉന്നത പദവിയിൽ എത്തിക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കോളനികളിൽ അടിസ്ഥാന വികസനത്തിനായി ഫണ്ടുകൾ വച്ച് പൂർത്തീകരിച്ചിട്ടുണ്ട്. തൊഴിൽ രംഗത്ത് ഇവർ പിറകിലാണ്. അഭ്യസ്ഥവിദ്യരായവരെ കണ്ടെത്തി തൊഴിൽ സഭയിൽകൂടി പദ്ധതികൾ ആസൂത്രണം ചെയ്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക വഴി സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗം

നമ്മുടെ പഞ്ചായത്തിൽ പട്ടികവർഗ്ഗക്കാർ കുറവാണ്. കുറച്ച് കുടുംബങ്ങൾ ഉള്ളതിൽ നിന്നും ഊരുകൂട്ടം വിളിച്ചുചേർത്ത് അവർക്ക് വേണ്ട വികസന പ്രവർത്തികൾ എല്ലാ വാർഷിക പദ്ധതിയിലും നടപ്പാക്കിയിട്ടുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവരുടേതായ പങ്കാളിത്തം കുറവാണ്. മിക്ക ആളുകൾക്കും ശരിയായ സർട്ടിഫിക്കറ്റു കൾ ലഭിക്കുന്നതിന് തടസമുകാറുണ്ട്. അടുത്ത വാർഷിക പദ്ധതിയിൽ അവരുടെ ആവശ്യങ്ങൾ ഊരുകൂട്ടങ്ങളിൽ കൂടി സ്വരൂപിച്ച് അതിനാവശ്യമായ പദ്ധതികൾ നടപ്പാക്കേണ്ടിയിരിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

## പട്ടികജാതി ജനസംഖ്യ

| വിഭാഗം | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|
| എണ്ണം | 613 | 597 | 1210 |

## ജനസംഖ്യാ വിന്യാസം

| വിഭാഗം | സങ്കേതങ്ങളിൽ | | ഒറ്റപ്പെട്ടത് | | ആകെ | |
|---|---|---|---|---|---|---|
| | കുടുംബങ്ങൾ | ജനസംഖ്യ | കുടുംബങ്ങൾ | ജനസംഖ്യ | കുടുംബങ്ങൾ | ജനസംഖ്യ |
| എണ്ണം | 145 | 58 | 110 | 300 | 255 | 880 |

## ഉപ കുടുംബങ്ങൾ

| വിഭാഗം | സങ്കേതങ്ങളിൽ | ഒറ്റപ്പെട്ടത് | ആകെ |
|---|---|---|---|
| എണ്ണം | 25 | 10 | 35 |

## പട്ടികജാതി സമുദായങ്ങൾ

| ക്രമ നം. | സമുദായം (പേര്) | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|
| 1 | പുലയൻ | 248 | 1210 |
| 2 | വേലൻ | 21 | 84 |
| 3 | പരവൻ | 17 | 68 |
| 4 | പറയൻ | 5 | 20 |
| 5 | കാക്കാലൻ | 5 | 5 |
| 6 | പാണൻ | 2 | 9 |
| 7 | വ | 1 | 4 |
| 8 | കുറവൻ | 2 | 1 |
| ആകെ | | | 1210 |

## ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ

| വിഭാഗം | സങ്കേതങ്ങളിൽ | ഒറ്റപ്പെട്ടത് | ആകെ |
|---|---|---|---|
| ഭൂരഹിത കുടുംബങ്ങൾ | 18 | 8 | 26 |
| ഭവനരഹിത കുടുംബങ്ങൾ | 8 | 4 | 12 |

## ശുചിത്വ സൗകര്യം

| | ആകെ കുടുംബങ്ങൾ | 6 മാസത്തിൽ കൂടുതൽ ജലക്ഷാമം നേരിടുന്നവ | പൂർണ്ണമായും ജലക്ഷാമം നേരിടുന്നു |
|---|---|---|---|
| കുടിവെള്ളം | 254 | 100 | |

## തൊഴിൽ രഹിതർ (15 – 59 വയസ്സ് പ്രായം)

| പ്രായം | തൊഴിൽ രഹിതർ |
|---|---|
| 15-21 | 15 |
| 22-29 | 240 |
| 30-44 | 195 |
| 45-59 | 170 |
| | **620** |

## തൊഴിൽരഹിതരുടെ വിദ്യാഭ്യാസ നിലവാരം (15 – 59 വയസ്സ് പ്രായം)

| നിരക്ഷരർ | നവസാക്ഷരർ | സെക്കന്ററി | എസ്.എസ്.എൽ.സി | പ്ല2 | ബിരുദം | ബിരുദാനന്തര ബിരുദം | പ്രൊഫഷണൽ | ഡിപ്ലോമ /സർട്ടിഫിക്കറ്റ് | ആകെ |
|---|---|---|---|---|---|---|---|---|---|
| 7 | 15 | 80 | 350 | 120 | 65 | 25 | 15 | 22 | 679 |

## ഭിന്നശേഷിക്കാരും നിത്യരോഗികളും

| ഭിന്നശേഷിക്കാർ | കുടുംബങ്ങൾ | വ്യക്തികൾ |
|---|---|---|
| ശാരീരികം | | 40 |
| മാനസികം | | 3 |
| ആകെ | | 43 |
| നിത്യരോഗികൾ | | 50 |

## സാമൂഹിക പ്രശ്നങ്ങൾ

| വിഭാഗം | കുടുംബങ്ങൾ | വ്യക്തികൾ |
|---|---|---|
| അവിവാഹിതരായ അമ്മമാർ | 2 | 2 |
| വിവാഹബന്ധം വേർപ്പെടുത്തിയവർ | 15 | 20 |
| സാമൂഹിക വിവേചനം നേരിടുന്നവർ | | |
| ആകെ | 17 | 45 |

## ശുചിത്വ സൗകര്യം

| ആകെ വീടുകൾ | ഉപയോഗ യോഗ്യമല്ലാത്ത കക്കൂസുകൾ | കക്കൂസ് ഇല്ലാത്ത വീടുകൾ |
|---|---|---|
| 10 | 25 | |

# കുടിവെള്ള ലഭ്യത

| | |
|---|---|
| വേനൽക്കാലത്ത് ജലക്ഷാമം നേരിടുന്ന കുടുംബങ്ങൾ | 15 |
| 6 മാസം വരെ വെള്ളം ലഭിക്കാത്ത കുടുംബങ്ങൾ | |

# വൈദ്യുതി ലഭ്യത

| വൈദ്യുതി ഇല്ലാത്ത ഊരുകൾ | വൈദ്യുതി ഇല്ലാത്ത വീടുകൾ | | | ആകെ | വിദ്യാർത്ഥികൾ ഉള്ള വൈദ്യുതീകരിക്കാത്ത വീടുകൾ |
|---|---|---|---|---|---|
| | വൈദ്യുതീകരിച്ച ഊരിൽ | വൈദ്യുതീകരിക്കാത്ത ഊരിൽ | ഒറ്റപ്പെട്ടത് | | |
| | 1 | | | | |

# ഭിന്നശേഷിക്കാരും നിത്യരോഗികളും

| ക്ര.നം | അവസ്ഥ | ഭിന്നശേഷിക്കാർ | നിത്യരോഗികൾ | ആകെ |
|---|---|---|---|---|
| 1 | ദൈനംദിന കാര്യങ്ങൾ ചെയ്യാൻ വിഷമമുള്ളവർ | | 6 | 6 |
| 2 | ദൈനംദിന കാര്യങ്ങൾ പരസഹായത്താൽ മാത്രം ചെയ്യുന്നവർ | | | |
| 3 | കിടക്കയെ മാത്രം അവലംബമാക്കിയിട്ടുള്ളവർ | | 3 | 3 |
| | **ആകെ** | | | |

# പട്ടികവർഗ്ഗ ജനസംഖ്യ

| കുടുംബങ്ങൾ | ജനസംഖ്യ | | ആകെ |
|---|---|---|---|
| | പുരുഷന്മാർ | സ്ത്രീകൾ | |
| 14 | 24 | 19 | 43 |

# പട്ടികവർഗ്ഗ സമുദായങ്ങൾ

| ക്ര.നം | സമുദായം | കുടുംബങ്ങൾ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|---|
| 1 | മലവേടൻ | 13 | 21 | 19 | |
| 2 | മല ഉള്ളാടൻ | 1 | 2 | 1 | |
| 3 | | | | | |
| 4 | | | | | |
| ആകെ | | 14 | 23 | 20 | 57 |

# പ്രത്യേക പരിഗണന അർഹിക്കുന്നവർ

| വിവാഹബന്ധം വേർപ്പെട്ടവർ | വിഭാര്യൻ | വിധവ | അവിവാഹിത അമ്മമാർ | ആകെ |
|---|---|---|---|---|
| | | 6 | | |

# പ്രത്യേക പരിഗണന അർഹിക്കുന്നവർ

| വിധവകൾ | വിവാഹബന്ധം നിലവില്ലാത്തവർ | അവിവാഹിത അമ്മമാർ | ആകെ |
|---|---|---|---|
| 6 | 2 | 0 | |

# അംഗൻവാടി സൗകര്യം

| ഊരുകൾ (ആകെ) | അംഗൻവാടികൾ ഇല്ലാത്ത ഊരുകൾ |
|---|---|
| 1 | |

# അംഗൻവാടി വിദ്യാർത്ഥികൾ

| അഞ്ച് വയസിന് താഴെ പ്രായമുള്ള കുട്ടികൾ | അംഗൻയിൽ ചേർന്നിട്ടില്ലാത്തവർ |
|---|---|
| 5 | |

# പട്ടികജാതി കോളനികളുടെ വിവരങ്ങൾ

| | കോളനി | 8 | | | |
|---|---|---|---|---|---|
| | മൊത്തം വീടുകൾ | | 145 | | |
| | താമസക്കാരില്ലാത്ത വീടുകൾ | | 8 | | |
| | പതിച്ച് കിട്ടിയിട്ട് വീട് വയ്ക്കാത്ത പ്ലോട്ടുകൾ | | 6 | | |
| | സ്വന്തമായി കക്കൂസ് ഇല്ലാത്ത വീടുകൾ | | 8 | | |
| | സെപ്റ്റിക് ടാങ്ക് ഉള്ള വീടുകൾ | | 100 | | |
| | കുഴി കക്കൂസ് ഉള്ള വീടുകൾ | | 0 | | |
| | സ്വന്തമായി വീടുകൾ ഇല്ലാത്തവർ | | 35 | | |
| | വീടുകൾ തകർന്ന് പുനിർനിർമ്മാണ നിലയിൽ എത്തിയവർ | | 0 | | |
| | കിണറുകൾ ഉള്ള വീടുകള് | | 145 | | |
| | കോളനിയിലെ മൊത്തം കിണറുകൾ | പൊതുകിണറുകൾ 2 | സ്വകാര്യ കിണറുകൾ 100 | | |
| | കിണറുകളും കുടിവെള്ള പൈപ്പുകളും ഇല്ലാത്ത വീടുകൾ | | 0 | | |
| | ഉപയോഗശൂന്യമായ കിണറുകൾ | | 0 | | |
| | പൊതു കുടിവെള്ള സംവിധാനം | | ഉ ് | | |
| | വൈദ്യുതി ഇല്ലാത്ത വീടുകൾ | | 0 | | |
| | കിടപ്പുരോഗികൾ ഉള്ള വീടുകൾ | | 3 | | |
| | വിധവകളെത്ര | | 70 | | |
| | പെൺകുട്ടികൾ എത്ര | | 75 | | |
| | വയോജനങ്ങൾ മൊത്തം | 60-70<br>80 | 70-80<br>28 | 80-90<br>1 | 90<br>-100<br>2 |
| | അടുത്തുള്ള<br>1) അംഗനവാടി<br>2) എൽ.പി.<br>3) യു.പി<br>4) എച്ച്.എസ്. ദൂരം | 3<br>70 മീറ്റർ | 1.5 കി.മീ. | 2 കി.മീ. | 3<br>കി.മീ |

| | | | | | |
|---|---|---|---|---|---|
| | ബിരുദാനന്തര ബിരുദം ഉള്ളവർ | 15 | ആൺ-6<br>പെൺ -9 | | |
| | മൊത്തം ആൺ, പെൺ തൊഴിലുള്ളവർ തൊഴിലില്ലാത്ത വർ | | | | |
| | സാങ്കേതിക വിദ്യാഭ്യാസം ഉള്ളവർ<br>ഐ.ടി.ഐ-15<br>ഡിപ്ലോമ-5<br>ബി.ടെക്-5<br>വയർമാൻ-2 | | | | |
| | ബിരുദമുള്ളവരിൽ തൊഴിലില്ലാത്തവർ | | ആൺ - 7<br>പെൺ -<br>8 | | |
| | സർക്കാർ ജോലിയുള്ളവർ | 75 | | | |
| | സ്വകാര്യ സ്ഥാപനത്തിലെ ജോലിക്കാർ | 675 | | | |
| | സ്വയം തൊഴിലിൽ ഏർപ്പെട്ടവർ | 175 | | | |
| | തുടർവിദ്യാഭ്യാസ സാക്ഷരതാ പദ്ധതിയിലുള്ളവർ | 15 | | | |
| | അടുത്തുള്ള വായനശാല ദൂരം എത്ര | 3000 മീറ്റർ | | | |
| | അടുത്തുള്ള കമ്മ്യൂണിറ്റി ഹാൾ, ദൂരമെത്ര | 50 മീറ്റർ | | | |
| | ഭിന്നശേഷിക്കാർ<br>കാഴ്ചയില്ലായ്മ-8<br>കേൾവിയില്ലായ്മ-6<br>ബധിരതയുള്ളവർ-4<br>അംഗവൈകല്യമുള്ളവർ - 10<br>ബുദ്ധിമാന്ദ്യമുള്ളവർ -5 | | | | |
| | വെള്ളക്കെട്ടു ാകാറുേ ാ | ഇല്ല | | | |
| | കോളനിയിലെ<br>കുളങ്ങൾ-1<br>തോടുകൾ-0<br>വിവരങ്ങൾ | | | | |
| | തനതായ കലാ-സാംസ്കാരിക പാരമ്പര്യം | | | | |
| | കോളനിയിലുള്ളവരുടെ ശൈലി രോഗാവസ്ഥ, പ്രമേഹം, രക്തസമ്മർദ്ദം, രക്തക്കുറവ്, പോഷകാഹാര കുറവ്, ഹൃദ്രോഗം | ഉ ് | | | |
| | കോളനിയിലെ ജൈവ-അജൈവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ | | | | |
| | കോളനിക്കാരുടെ മറ്റെന്തെങ്കിലും പൊതുപ്രവർത്തനം | | | | |

# ആരോഗ്യം

**ഇന്നത്തെ അവസ്ഥ**

കഴിഞ്ഞ വാർഷിക പദ്ധതിയിൽ ആരോഗ്യ മേഖലയിൽ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നമുക്കു സാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി, ആയുർവേദം, ഹോമിയോ ആശുപതി, നിരവധി രോഗികൾ ദിവസവും ചികിത്സാർത്ഥം വന്നുപോകുന്നുണ്ട്. മൂന്ന് ആശുപത്രികൾക്കും മരുന്ന് മരുന്ന് വാങ്ങുവാൻ എല്ലാ വാർഷിക പദ്ധതിയിലും തുക ചിലവഴിച്ചിട്ടുണ്ട്. കോവിഡ് കാലയളവിലും, മറ്റ് പ്രകൃതി ദുരന്തം ഉണ്ടായസമയത്തും ആശുപത്രിയുടെ സേവനം എടുത്തുപറയേണ്ടതാണ്. ആവശ്യമുള്ള സമയങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തുകയും രോഗനിർണ്ണയം നടത്തി മരുന്നുകൾ ലഭ്യമാക്കുകയും കടത്തിട്ടുണ്ട്. പി.എച്ച്.സി.യിൽ ഓരോ ദിവസവും നൂറുകണക്കിന് രോഗികൾ വന്നുപോകുന്നുണ്ട്. പി.എച്ച്.സി. ഒരു കിടത്തിചികിത്സാ കേന്ദ്രമാക്കി മാറ്റുന്നതിന് ഡിപിആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആവശ്യത്തിന് സ്ഥലം സ്വന്തമായി ഉണ്ട്. പകർച്ചവ്യാധി തടയുന്നതിന് നടപടികൾ എല്ലാകാലത്തും നടത്താറുണ്ട്. മാലിന്യമുക്ത ക്യാമ്പേൻ പരിപാടിയിൽ പി.എച്ച്.സി.യുടെ സേവനം നല്ലരീതിയിൽ ലഭ്യമാകുന്നുണ്ട്. നല്ലരീതിയിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റ് പിഎച്ച്.സി. യുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ നടപ്പിലാകുന്നുണ്ട്. പിഎച്ച്സിയുടെ കീഴിലുള്ള സബ്സെന്ററുകൾ എല്ലാം നല്ലരീതിയിൽ പ്രവർത്തിക്കുന്നവയാണ്. വയോജനങ്ങൾക്കുവേണ്ട എല്ലാ സൗകര്യങ്ങളും സബ്സെന്ററിൽ ഉണ്ട്. എല്ലാ വാർഡിലേക്കും തീരുമാനിച്ചിട്ടുള്ള ആശാവർക്കർമാരുടെ സേവനം നല്ലരീതിയിൽ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്.

പാലിയേറ്റീവ്കെയർ രോഗികൾ 140

ഒ.പി.യിൽ വരുന്ന രോഗികൾ - 100

ക്യാൻസർരോഗികൾ -110

കിഡ്നി രോഗികൾ -25

## ആയുർവേദ ആശുപത്രി

സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ആശുപത്രിക്ക് എല്ലാ വാർഷിക പദ്ധതിയിലും മരുന്നുവാങ്ങാൻ തുക അനുവദിക്കുന്നുണ്ട്. ഓരോ ദിവസവും നിരവധി രോഗികൾ ഒ.പി.യിൽ വന്നുപോകുന്നുണ്ട്. ആയുർവേദ ആശുപത്രിക്ക് വേണ്ട ഭൗതിക സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

ഒപി. 50

## ഫീഡിംഗ് റൂം

## ഹോമിയോ ആശുപത്രി

ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് നമുക്ക് സാധിച്ചു. എല്ലാ വർഷിക പദ്ധതികളിലും മരുന്ന് വാങ്ങുന്നതിന് തുക നീക്കിവയ്ക്കാറുണ്ട്. ഹോമിയോ ആശുപത്രിയിലും ദിവസേന നിരവധിപ്പേർ ചികിത്സാർത്ഥം വന്നുപോകുന്നുണ്ട്.

കോവിഡ് കാലത്തും പ്രളയം പകർച്ചവ്യാധികൾ തുടങ്ങിയ പ്രകൃതി ദുരന്തം ഉണ്ടാകുന്ന സാഹചര്യങ്ങൾ നേരിടുന്നതിന് മൂന്ന് ആശുപത്രികളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങൾ പരിപൂർണ്ണമായി പരിഹരിക്കപ്പെടുന്നുണ്ട്.
ഒപി. 45

# കുടിവെള്ള /ശുചിത്വം

**ഇന്നത്തെ അവസ്ഥ**

നമ്മുടെ പഞ്ചായത്തിൽ 2 വാട്ടർ ടാങ്കുകളുടെ നിർമ്മാണത്തോടുകൂടി കുടിവെള്ള ക്ഷാമം പരിപൂർണ്ണമായി പരിഹരിച്ചിട്ടുണ്ട്.

## ശുചിത്വം

ശുചിത്വവുമായി ബന്ധപ്പെട്ട് കക്കൂസ് നിർമ്മാണം ഏറ്റെടുത്തതോടെ മുഴുവൻ വീടുകളിലും കക്കൂസ് നൽകുകവഴി ശുചിത്വ രംഗത്ത് വൻനേട്ടം ഉണ്ടാക്കുവാൻ സാധിച്ചു. സമ്പൂർണ്ണ ശുചിത്വം കൈവരിച്ച പഞ്ചായത്തായി മാറ്റുവാൻ നമുക്ക് സാധിച്ചു. മാലിന്യ നിർമാർജന ക്യാമ്പെയ്ൻ വഴി പൊതുവിടങ്ങളിലെ മാലിന്യ കൂനകൾ മാറ്റുവാൻ സാധിക്കുകവഴി മാലിന്യനിർമാർജന പഞ്ചായത്തായി പ്രഖ്യാപിക്കുവാൻ ഈ വാർഷിക പദ്ധതിയോടെ നമുക്ക് സാധിക്കും

## അടിസ്ഥാന വിവരങ്ങൾ

### കുടിവെള്ളം – ലഭ്യത (എണ്ണം)

| തുറന്ന കിണർ | | കുഴൽകിണർ | | പൈപ്പ് കണക്ഷൻ | | മറ്റ് ജലസ്രോതസ്സുകൾ (കുളം, ഓലി മുതലായവ) | |
|---|---|---|---|---|---|---|---|
| സ്വകാര്യം | പൊതു | സ്വകാര്യം | പൊതു | സ്വകാര്യ കണക്ഷൻ എടുത്തവർ | പൊതു ടാപ്പുകൾ ഉപയോഗിക്കുന്നവർ | സ്വകാര്യം | പൊതു |
| 4500 | 5 | 35 | 5 | 3250 | 318 | | 10 |

# വിദ്യാഭ്യാസം

**(കല, സംസ്കാരം, യുവജനക്ഷേമം)**

**ഇന്നത്തെ അവസ്ഥ**

പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർന്നതാണ്. സാക്ഷരതാ പരിപാടിയിലൂടെ കിട്ടിയ കണക്കനുസരിച്ച് വളരെ കുറച്ചുപേർ മാത്രമേ വിദ്യാഭ്യാസം ഇല്ലാത്തവർ ഉള്ളൂ. ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കിയ നിരവധി പേർ പഞ്ചായത്തിലുണ്ട്. എല്ലാ സ്ക്കൂളുകളും ഉന്നതനിലവാരം പുലർത്തുന്നതാണ്. ഗവൺമെന്റ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണക്കുറവ് ഒരു പ്രശ്നമാണ്. എല്ലാ സ്ക്കൂളുകളിലും അടിസ്ഥാന സൗകര്യ ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ വർഷികപദ്ധതികളിലും വിദ്യാഭ്യാസ മേഖലകളിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്

## കലാ സംസ്കാരം

പഞ്ചായത്തിൽ നല്ലൊരു കലാ സാംസ്കാരിക കൂട്ടായ്മ ഉണ്ട് . എല്ലാ വർഡുകളിലും ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ ഉണ്ട്. നല്ലരീതിയിൽ പ്രവർത്തിക്കുന്ന രണ്ട് ലൈബ്രറികൾ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്ത് വക ലൈബ്രറികൾ ഇല്ല. അത് ഉടനെതന്നെ പരിഹാരംകാണുന്നതിനുവേണ്ട ഇടപെടലുകൾ നടത്തണം. എല്ലാ വർഷവും സംസ്ഥാനാടിസ്ഥാനത്തിൽ ഫുട്ബോൾ മത്സരങ്ങൾ പഞ്ചായത്ത് സ്റ്റേഡിയത്തിൽ നടത്തുന്നുണ്ട്. മറ്റ് വിശേഷാവസരങ്ങളിൽ വടംവലി മറ്റ് സ്പോർട്സ് ഇനങ്ങൾ കലാ-കായിക പരിപാടികൾ നല്ലരീതിയിൽ പഞ്ചായത്തിൽ നടത്താറുണ്ട്.

| ക്രമം | സ്കൂളിന്റെ പേര് | ആൺകുട്ടികൾ | | | പെൺകുട്ടികൾ | | | ആകെ | | | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ | | മാനസിക വെല്ലുവിളികൾ നേരിടുന്നവർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ജനറൽ | എസ്.സി | എസ്.ടി | ജനറൽ | എസ്.സി | എസ്.ടി | ജനറൽ | എസ്.സി | എസ്.ടി | ആൺകുട്ടികൾ | പെൺകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികൾ |
| 1 | ഗവ.എൽ.പി.എസ്. കാലാമ്പൂർ | 15 | 0 | | 16 | 4 | | 31 | 4 | | 1 | | | |
| 2 | ഗവ. എൽ.പി.എസ്. കാരിമറ്റം | 25 | 11 | | 17 | 10 | | 22 | 14 | | 1 | | | |
| 3 | എം.ഇ.എസ്. എൽ.പി.എസ്. പുന്നമറ്റം | 21 | | | 12 | | | | | | | | | |
| 4 | എസ്.എൻ. വി.യു പി.എസ് ആയവന | 36 | 8 | 2 | 29 | 4 | 1 | 65 | 12 | 3 | 3 | 1 | | |
| 5 | എസ്.എച്ച്. എൽ.പി.എസ്. ആയവന | 58 | 9 | | 425 | | | 100 | 14 | | 1 | 2 | | |

## മനുഷ്യവിഭവ വിവരങ്ങൾ

| ക്രമം | സ്കൂളിന്റെ പേര് | അധ്യാപകർ | | അപ്രന്റീസ് അധ്യാപകർ | | ശുചീകരണ തൊഴിലാളികൾ | | പാചക തൊഴിലാളികൾ | |
|---|---|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | ഇനി വേ ത് | നിലവിലുള്ളത് | ഇനി വേ ത് | നിലവിലുള്ളത് | ഇനി വേ ത് | നിലവിലുള്ളത് | ഇനി വേ ത് |
| 1 | ഗവ.എൽ.പി.എസ്. കാലാമ്പൂർ | 4 | 1 | 0 | 0 | 1 | | 1 | |
| 2 | ഗവ. എൽ.പി.എസ്. കാരിമറ്റം | 4 | | 0 | 0 | 1 | | 1 | |
| 3 | എം.ഇ.എസ്.എൽ.പി.എസ്. പുന്നമറ്റം | 4 | 1 | 0 | | | 1 | | |
| 4 | എസ്.എൻ.വി.യു പി.എസ് ആയവന | 35 | 0 | 0 | 0 | 1 | | 1 | |
| 5 | എസ്.എച്ച്.എൽ.പി.എസ്. ആയവന | 9 | 0 | | | | 1 | 1 | |
| 6 | എം.ഇ.എസ്.എസ്.പി.എസ്. പുന്നമറ്റം | 5 | | | | | 1 | 1 | |

# പൊതുമരാമത്ത്

**(വൈദ്യുതിയും ഊർജ്ജവും)**

**ഇന്നത്തെ അവസ്ഥ**

കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ പൊതുമരാമത്ത് വിഷയ മേഖലയിൽ നടപ്പാക്കുന്നുണ്ട്. പദ്ധതി വിഹിതം വിവിധയിനം ഗ്രാൻറുകൾ എന്നിവയെല്ലാംകൂടി ഏറ്റവും കൂടുതൽ തുക ലഭ്യമാകുന്ന മേഖലയാണ് പൊതുമരാമത്ത്. പഞ്ചായത്ത് ഓഫീസിന്റെയും മറ്റ് ഘടക സ്ഥാപനങ്ങളുടേയും അടിസ്ഥാന സൗകര്യങ്ങളെല്ലാം വാർഷിക പദ്ധതിയിലൂടെ നടപ്പാക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ റോഡുകളും സഞ്ചാരയോഗ്യമാണ്. ഇനിയും പുതിയ റോഡുകൾ പൂർത്തിയാക്കാനുണ്ട്. രണ്ട് വാർഷീക പദ്ധതിയിലും പദ്ധതി വിഹിതം പശ്ചാത്തല മേഖലയിൽ നീക്കിവച്ചിട്ടില്ലായിരുന്നു. ഈ വാർഷിക പദ്ധതിയിൽ പശ്ചാത്തല മേഖലയിൽ ഫണ്ട് വകയിരുത്തി. പുതിയ റോഡുകളുടെ പണി ഏറ്റെടുക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഓഡിറ്റോറിയം, റിക്കാർഡ് റൂം എന്നിവ നവീകരിച്ച് അടിസ്ഥാന സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ കെട്ടിടങ്ങൾ മെയിന്റനൻസ് നടത്തുന്നതിനും പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ഈ വാർഷിക പദ്ധതിയിൽ ഹോമിയോ ആശുപത്രിക്ക് കെട്ടിടം, പി.എച്ച്.സി.യിൽ കിടത്തി ചികിത്സയ്ക്ക് ആവശ്യമായ കെട്ടിടം എന്നിവ ഉറപ്പാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മുഴുവൻ ആസ്ഥികളും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ഇടപെടലുകൾ നടത്തേണ്ടതാണ്.

ഊർജരംഗത്ത് എല്ലാ വാർഷിക പദ്ധതിയിലും പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്, അടുത്ത വാർഷിക പദ്ധതിയിൽ തെരുവുവിളക്കുകൾ സോളാർ ലൈറ്റുകൾ ആകെ പദ്ധതി ഏറ്റെടുക്കേണ്ടതുണ്ട്. വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളണം.

# ജൈവ വൈവിധ്യ മാനേജ്മെന്റ്

## ഇന്നത്തെ അവസ്ഥ

ഈ വിഷയമേഖലയുമായി ബന്ധപ്പെട്ട് നിരവധി പരിപാടികൾ നടപ്പാക്കേതുണ്ട്. എല്ലാ വികസന മേഖലകളിലേയും പദ്ധതിയുടെ ഗുണഫലം ജൈവ വൈവിധ്യ മേഖലയിൽ ലഭ്യമാക്കേണ്ടതാണ്. കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ച്. കാർഷിക മേഖലകളിൽ പദ്ധതികൾ നടപ്പാക്കണം. പ്രകൃതി ദുരന്തത്തെ നേരിടുന്നതിന് എല്ലാവിധ സജ്ജീകരണങ്ങളും ഉറപ്പാക്കുന്നതിന് നാം പ്രത്യേകം ശ്രദ്ധിക്കണം. പഞ്ചയത്തിൽ ലഭ്യമായ ജൈവ സ്രോതസ്സുകൾ ഉപയോഗിച്ചുകൊണ്ട് പദ്ധതികൾ നടപ്പാക്കണം. പഞ്ചായത്തിൽ ഒരു ദുരന്തനിവാരണ പദ്ധതിരേഖ നാം രൂപീകരിച്ചിട്ടുണ്ട്. അതിനനുസരിച്ച് പദ്ധതികൾ ഏറ്റെടുക്കുവാൻവേണ്ട നടപടികൾ നടത്തിക്കൊള്ളണം. നീർത്തടാടിസ്ഥാനത്തിൽ പദ്ധതികൾ ഏറ്റെടുത്ത് കാർഷിക മേഖല ഉല്പാദനക്ഷമമാക്കണം.

# മാലിന്യ സംസ്കരണം

വികസന കാര്യങ്ങളിലും ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങളിലും രാജ്യത്തൊമ്മാതായി നിൽക്കുന്ന കേരളം മാലിന്യസംസ്കരണ രംഗത്ത് സീറോ വേയ്സ്റ്റ് സംസ്ഥാനമായി രായിരത്തി ഇരുപത്തഞ്ച് മാർച്ച് 31-ാം തീയതിയോടുകൂടി ഒന്നാമതാവുകയാണ്. രായിരത്തി ഇരുപത്തിമൂന്ന് മുതൽ നവകേരളം മാലിന്യമുക്ത കേരളം എന്ന ആശയം നടപ്പാക്കുന്നതിനുവേിയുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കി വരികയാണ്. 2016ലെ ഖരമാലിന്യ ചട്ടം അനുസരിച്ച് നാം ശുചിത്വ രംഗത്ത് നിരവധി പ്രവർത്തനങ്ങൾ വിജയകരമായി നടത്തികൊിരിക്കുന്ന സമയത്താണ് ബ്രഹ്മപുരം പ്രശ്നം ഉാവുകയും കോടതി ഇടപെടുകയും ചെയ്തപ്പോൾ മാലിന്യസംസ്കരണം ഉറപ്പാക്കുക എന്ന ബാധ്യത 7744ാം നമ്പർ കോടതി വിധിയിലൂടെ അനിവാര്യമായി വന്നിരിക്കുകയാണ്.

ഇതിന്റെ ഭാഗമായി നാം വലിയൊരു ക്യാമ്പയിൻ പ്രോഗ്രാം ഏറ്റെടുക്കുകയും സംസ്ഥാനത്തെ മുഴുവൻ ജനങ്ങളേയും ഉദ്യോഗസ്ഥ അനുദ്യോഗസ്ഥരേയും സന്നദ്ധസംഘടനകളേയും യുവാക്കളേയും രാഷ്ട്രീയ പാർട്ടികളേയും അണിനിരത്തികൊ് ആവശ്യമായ ഗവ. ഓർഡറുകളും മാർഗ്ഗരേഖകളും പ്രഖ്യാപിച്ചുകൊ് അതിതീവ്ര പ്രചരണ പരിപാടിയായി നാം ഏറ്റെടുത്ത് കഴിഞ്ഞു. ഇപ്പോൾ നടക്കുന്ന അവസാനഘട്ട പരിപാടികൾ 2025 മാർച്ച് 31-ാം തീയതിയോട് കൂടി പൂർത്തീകരിച്ച് നാം സമ്പൂർണ്ണ മാലിന്യ മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നു.

ആയവന പഞ്ചായത്തിൽ വിപുലമായ സംഘാടക സമിതി രൂപീകരിക്കുകയും വാർഡ്തോറും ആരോഗ്യ ശുചിത്വ സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഗവൺമെന്റ് നിർദേശപ്രകാരം രൂപീകരിച്ച ഹരിതകർമ്മസേന അംഗങ്ങൾ എല്ലാ വീടുകളിലിൽ നിന്നും മാലിന്യം ശേഖരിച്ച് അജൈവ മാലിന്യസംസ്കരണം 100ശതമാനത്തിലെത്തിക്കുവാൻ സാധിച്ചു എന്നത് വലിയ നേട്ടമാണ്. ഈ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം എടുത്തുപറയേതാണ്. ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി അടിയന്തിരമായി ചെയ്യേ പ്രവർത്തികൾ പൂർത്തീകരിക്കുകയും പൊതു സ്ഥലങ്ങളെല്ലാം മാലിന്യമുക്തമാക്കുകയും പഞ്ചായത്തിലെ മുഴുവൻ വീടുകളിലും ജൈവ അജൈവ മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും നിരവധി ഐഇസി പരിപാടികളിലൂടെ ജനങ്ങളിൽ എത്തിക്കുവാൻ നമുക്ക് സാധിച്ചു. ഒന്നാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി വിപുലമായ ഹരിതസഭകൾ വിളിച്ചുകൂട്ടി ഇതുവരെ നടത്തിയപ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ തയ്യാറാക്കി പൊതുജനസമക്ഷം അവതരിപ്പിച്ച് ഈ രംഗത്ത് നാം ഏറ്റെടുത്ത ഉത്തരവാദിത്വം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് നമുക്ക് സാധിച്ചു. ജനകീയ ഓഡിറ്റ് സംവിധാനത്തിലൂടെ നടപ്പിലാക്കിയ പരിപാടികളിൽ ഉായിട്ടുള്ള അപാകതകൾ മനസിലാക്കുകയും അവ പരിഹരിക്കുന്നതിന് ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നമുക്ക് സാധിച്ചു. മാലിന്യ സംസ്കരണം കുട്ടികളിലൂടെ അവബോധം സൃഷ്ടിച്ച് വരും തലമുറയ്ക്ക് ഇതിന്റെ ആവശ്യകത മനസിലാകുന്നതിന് സുസ്ഥിരമായി നിലനിർത്തുന്നതിനുമുള്ള തുടർ പരിപാടികൾ നാം ആവിഷ്കരിച്ച് നടപ്പിലാക്കികൊിരിക്കുകയാണ്. ര് പ്രാവശ്യം കുട്ടികളുടെ ഹരിതസഭ വിളിച്ചുകൂട്ടി നമ്മുടെ ക്യാമ്പയിൻ പരിപാടികളുടെ അവലോകനം കുട്ടകളിൽ കൂടി നടപ്പിലാക്കുകയും അവരുടെ നിർദ്ദേശങ്ങൾക്കും ആശയങ്ങൾക്കും കൂടുതൽ ഊന്നൽ നൽകി നാം ഈ രംഗത്ത് പുതിയൊരു നാഴികക്കല്ല് സൃഷ്ടിക്കുവാൻ എല്ലാ പരിപാടികളും നടപ്പാക്കി വരികയാണ്. ജനപങ്കാളിത്തതോടുകൂടി പൊതു ഇടങ്ങളിലെ മാലിന്യം അപ്പോളപ്പോൾ മാറ്റി കൂടുതൽ പൊതു ഇട ശുചീകരണം നടപ്പിലാക്കി വരുന്നു.

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും സംഘടനകളേയും സമയാസമയങ്ങളിൽ വിളിച്ചുകൂട്ടുകയും സർക്കാർ പുറപ്പെടുവിക്കുന്ന ഓർഡറുകളും നിർദ്ദേശങ്ങളും വിശദീകരിച്ച് ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ബോധ്യപ്പെടുത്തി സുസ്ഥിരമായി നിലനിർത്തേ ആവശ്യകത മനസിലാക്കുകയും നമ്മുടെ പഞ്ചായത്തിലെ മാലിന്യ സംസ്കരണ ക്യാമ്പയിൻ വിജയത്തിലെത്തിക്കുന്നതിന് വേ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ട്. എല്ലാ വാർഡുകളിലും ആവശ്യത്തിന് മിനി എം.സി.എഫ്കൾ സ്ഥാപിച്ചുകൊ് ഹരിതകർമ്മസേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിനുവേ നടപടികൾ കൈകൊിട്ട്. മുഴുവൻ കടകളിലും മാലിന്യം വേർതിരിച്ച് സൂക്ഷിക്കുന്നതിന് ആവശ്യമായ ബിന്നുകൾ വയ്ക്കണമെന്ന നിർദ്ദേശം നൽകിയിട്ടുങ്കിലും പരിപൂർണ്ണമായി നടപ്പാക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല.

പഞ്ചായത്തിലെ മുഴുവൻ അയൽകൂട്ടങ്ങൾ ഹരിത അയൽകൂട്ടമായി മാറ്റുന്നതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന ഊർജ്ജത പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ജനുവരി മാസത്തോടെ 176 അയൽകൂട്ടങ്ങളും ഹരിത അയൽകൂട്ടങ്ങളായി പ്രഖ്യാപിക്കുവാൻ വേ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പഞ്ചായത്തിലെ ബി.ഡബ്ല്യൂ.ജി ജൈവ അജൈവ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നിർദ്ദേശം നൽകുകയും നടപ്പാക്കാത്ത ബി.ഡബ്ല്യൂ.ജികളുടെ നിയമനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വിശദമായി ഗ്രേഡിംഗ് നടത്തി എല്ലാ സ്ഥാപനങ്ങളും കടകളും മാലിന്യമുക്ത ഹരിതസ്ഥാപനങ്ങളാക്കി മാറ്റി സർട്ടിഫിക്കറ്റുകൾ നടപടി സ്വീകരിച്ച് വരികയാണ്. എല്ലാ വീടുകളിലും ജൈവമാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മുഴുവൻ വീടുകളിലും ആവശ്യത്തിന് സംസ്കരണ ഉപാധികൾ നൽകുന്നതിനുവേണ്ടിയുള്ള പരിപാടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരികയാണ്.

പൊതു ഇടങ്ങളിൽ ആവശ്യമുള്ളിടത്തെല്ലാം സിസിക്യാമറകൾ സ്ഥാപിച്ച് മാലിന്യമുക്തമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന നിർദ്ദേശം ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് നിരവധി പ്രചരണ പരിപാടികൾ സംഘടിപ്പിച്ച് മാലിന്യ മുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ വാർഷിക പദ്ധതികളിലും മാലിന്യ സംസ്കരണത്തിന് ആവശ്യമായ തുക ഉൾപ്പെടുത്തികൊണ്ട് വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും മറ്റ് സംഘടനകളും റസിഡന്റ്സ് അസോസിയേഷനും സാമൂഹിക രാഷ്ട്രീയ സംഘടനകൾ എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങൾകൊണ്ട് 2025 ജനുവരി മാസത്തിൽതന്നെ നമ്മുടെ പഞ്ചായത്ത് സമ്പൂർണ്ണ മാലിന്യ പഞ്ചായത്തായി പ്രഖ്യാപിക്കുവാൻ നമുക്ക് സാധിച്ചു.

## അദ്ധ്യായം 2

# 2025-26 വാർഷിക പദ്ധതി അവലോകനം

14-ാം പഞ്ചവത്സര പദ്ധതിയിലെ 4-ാം വാർഷിക പദ്ധതി നിർവഹണം നടന്നുവരികയാണ്. നാലാം വാർഷിക പദ്ധതി നൂതനങ്ങളായ ആശയങ്ങൾ സ്വരൂപിച്ചുകൊണ്ട് സാമ്പത്തിക വികസനം ഉറപ്പുവരുത്തി നിർവ്വഹണം അന്തിമഘട്ടത്തിലാണ്. മാർച്ച് 31ടുകൂടി മുഴുവൻ തുകയും ചിലവഴിക്കുവാൻ നമുക്ക് സാധിക്കും. ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം മൂന്നാം വാർഷിക പദ്ധതി നേരത്തെ ആവിഷ്കരിച്ച് ജില്ലാ പ്ലാനിംഗ് കമ്മറ്റിയുടെ അംഗീകാരം നേടേണ്ടതുണ്ട്.

2025-26 വാർഷിക പദ്ധതിയുടെ വകയിരുത്തലും ചിലവുകളും താഴെ നൽകുന്നു.

## അദ്ധ്യായം - 3

# വികസന വിടവുകൾ, പ്രശ്നങ്ങൾ, വെല്ലുവിളികൾ പരിഹാരമാർഗങ്ങൾ

14-ാം പഞ്ചവൽസര പദ്ധതിയിലെ 3 വാർഷിക പദ്ധതികളും ആവിഷ്ക്കരിച്ച് പൂർത്തീകരിച്ച് കഴിഞ്ഞു. നാലാം വാർഷിക പദ്ധതി അന്തിമഘട്ടത്തിലാണ്. വിവിധ വികസന മേഖലകളിലെ പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരം കാണേണ്ടതായിട്ടുണ്ട്. ഓരോ വികസന മേഖലകളിലെ പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗ്ഗങ്ങളും ഖണ്ഡികയായി താഴെ കൊടുത്തിരിക്കുന്നു.

- ഉൽപ്പാദനക്ഷമത കൈവരിക്കുവാനുള്ള വികസന പ്രവർത്തനം കാർഷിക മേഖലയിൽ നടപ്പാകുന്നില്ല.
- നെൽകൃഷി വികസനത്തിന് പുതിയതായി കൃഷിയിടങ്ങൾ വർദ്ധിക്കുന്നില്ല.
- അമിതമായ കൂലിച്ചിലവ് പ്രശ്നമാകുന്നു.
- ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കുന്നില്ല.
- ഗ്രൂപ്ഫാമിംഗ് അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നില്ല.
- യന്ത്രവൽകൃത രീതി അവലംബിക്കുന്നില്ല.
- നീർത്തടാടിസ്ഥാനത്തിൽ കൃഷി നടപ്പാക്കുന്നില്ല.
- കാലാവസ്ഥയ്ക്കനുസൃതമായ രീതിയിൽ വിത്തിനങ്ങളും കൃഷിരീതികളും അവലംമ്പിക്കുന്നില്ല.

കാർഷിക മേഖലയിലെ വികസനത്തിനായി ഉൽപ്പാദനക്ഷമതയുള്ള വിത്തിനങ്ങൾ തിരഞ്ഞെടുക്കണം അവ കാലാവസ്ഥയ്ക്ക് അനുകൂലമായി ഉള്ള രീതിയിൽ ആയിരിക്കണം. യന്ത്രവൽകൃത കൃഷി പ്രോൽസാഹിപ്പിക്കണം. പാടശേഖര സമിതി പോലെയുള്ള സമിതികളിൽക്കൂടി കൃഷി ഗ്രൂപ്പ് ഫാംമിംഗ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനുവേണ്ട പദ്ധതികൾ വേണം. എല്ലാത്തരം കൃഷികളും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഇടവിള കൃഷികരീതികളും വ്യാപകമാക്കണം. ജൈവ വളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുവേി മാലിന്യസംസ്കരണ പരിപാടികളിൽകൂടി വളം ശേഖരിക്കണം. നീർത്തടാടിസ്ഥാനത്തിൽ കൃഷിരീതി അവലംമ്പിക്കണം. കൃഷികൾക്കുാകുന്ന വ്യാപകമായ രോഗങ്ങൾ നിന്ത്രിക്കുന്നതിന് ഫലപ്രദമായ അഗ്രോ ക്ലിനിക്കുകൾ രൂപീകരിച്ച് കൃഷിക്കാർക്ക് പ്രയോജനകരമായ രീതിൽ പ്രവർത്തനം സാധ്യമാക്കണം. ലേബർ സൊസൈറ്റികൾ രൂപീകരിച്ച് തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനു വേ നടപടികൾ സ്വീകരിക്കണം. കർഷകരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനുവേി പഞ്ചായത്തിൽതന്നെ കാർഷിക മാർക്കറ്റുകൾ തുടങ്ങി ന്യായവില ഉറപ്പുവരുത്തണം. സീസണൽ കൃഷിരീതി അവലമ്പിക്കണം. പ്രകൃതിദുരന്തങ്ങൾ വെള്ളപ്പൊക്ക ഭീഷണി എന്നിവ നേരിടുന്നതിനനുയോജ്യമായ അടിസ്ഥാന സൗകര്യം കൃഷിയിടങ്ങളിൽ നടത്തണം. ആധുനിക കൃഷിരീതികളെപറ്റി കർഷകരുടെ ഇടയിൽ ബോധവൽക്കരണം നടത്തി ജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനുവേ നടപടികൾ സ്വീകരിക്കണം. വിവിധ ഗവൺമെന്റ് പദ്ധതികൾ സംയോജിപ്പിച്ചുകൊ് പഞ്ചായത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യണം. സമയാ സമയങ്ങളിൽ കൃഷിഭവൻ മുഖേനയുള്ള സേവനങ്ങൾ ഉപദേശങ്ങൾ എന്നിവ കൃഷിക്കാർക്ക് നൽകുവാൻ കഴിയണം. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് മണ്ണ് പരിശോധിച്ച് അതിന് അനുസരിച്ച് വിത്തിനങ്ങളും വളപ്രയോഗങ്ങളും നടപ്പാക്കണം. നമ്മുടെ പ്രദേശത്തിന് അനുസരണമായ കൃഷിരീതികൾ അവലമ്പിക്കണം. എല്ലാത്തരം കൃഷിരീതികളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപ ടികൾ കൈക്കൊള്ളണം.

മൃഗസംരക്ഷണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാർക്കുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്യുന്നില്ല

സങ്കരയിനം പശുക്കളുടെ വ്യാപനം സാധ്യമാകുന്നില്ല

കൃഷിക്കാർക്ക് അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നില്ല.

ഇന്ധനക്ഷമത കൂട്ടുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നില്ല പാലുൽപ്പാദനത്തിനുള്ള ഗണ്യമായ വർദ്ധന ഉണ്ടാകുന്നില്ല

മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പാലിൽനിന്നും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ഇല്ല. തീറ്റപ്പുൽ കൃഷി വ്യാപകമായി നടപ്പാക്കുന്നില്ല

കാലിത്തീറ്റയുടെ വിലവർദ്ധന ഈ മേഖലയിൽ ഏറ്റവും വലിയ പ്രശ്നമാണ്.

സബ്സിഡി പര്യാപ്തമാകുന്നില്ല.

ഫാം രീതിയിൽ കൂട്ടായ രീതിയിൽ പശുവളർത്തൽ പരിപാട നടപ്പാക്കുന്നില്ല.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടുാകുന്ന ജൈവവളം, കാർഷിക മേഖലയിൽ ഉപയോഗിക്കുന്നതി നുള്ള സംയോജിത പദ്ധതികൾ മേഖലകൾ സംയോജിപ്പിച്ച നടപ്പാക്കുന്നില്ല.

കന്നുകാലികൾക്കുാകുന്ന രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സാരീതികൾ ഇല്ല

വൃത്തിയുള്ള തൊഴുത്തുകളുടെ അഭാവം നികത്തുന്നില്ല..

മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ കർഷകർക്ക് തൊഴിലും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്ന രീതിയിലുള്ള പദ്ധതികൾ എറ്റെടുക്കണം. സങ്കരയിനം പശുക്കളുടെ വ്യാപനം ഉറപ്പാക്കണം. പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ഗുണമേന്മയുള്ള കന്നുകുട്ടികളെ ലഭ്യമാക്കണം. കാലിത്തീറ്റയുടെ വിലവർദ്ധനവ് തടയുന്നതിന് നിലവിലുള്ള സബ് സിഡിയിൽ മാറ്റം വരുത്തണം. പറ്റുമെങ്കിൽ ഒരു കാലിത്തീറ്റ ഫാക്ടറി പഞ്ചായത്തിൽ തുടങ്ങിയാൽ ഏറെ ഗുണകരമായിരിക്കും പാലുൽപ്പന്നങ്ങൾ ഉാക്കുന്നതിനുള്ള പരിശീലനങ്ങളും, സംരംഭങ്ങളും ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം. പാലിന് ഉല്പാദന ചിലവിനിനുസരിച്ചുള്ള വില ലഭിക്കു ന്നതിനുള്ള ഇടപെടലുകൾ വേണം. മൃഗസംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാർക്ക് തീറ്റപ്പുൽ കൃഷിചെയ്യുന്നതിനുള്ള പദ്ധതികൾ സംയോജിപ്പിച്ച് നടപ്പാക്കണം. തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നല്ലരീതിയിൽ നടപ്പാക്കണം. ആട് മുട്ടക്കോഴി, എന്നിവ നൽകുകയും അവയുടെ സംരക്ഷണം നടപ്പാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ് കരിക്കണം. കറവപശു നൽകുന്ന ഗുണഭോക്താക്കൾ നൽകുന്ന പശുക്കളെ വളർത്തുന്നുന്ന് മോണിറ്റർ ചെയ്യണം. എല്ലാ വർഷവും ഒരേ കർഷകനുതന്നെ ആനുകൂല്യങ്ങൾ ലഭിക്കുന്ന രീതി പരിശോധിക്കണം. ഗ്രാമസഭയും വർക്കിംഗ് ഗ്രൂപ്പും നിശ്ചയിക്കുന്ന കർഷകർക്കുമാത്രമേ ആനുകൂല്യം നൽകാവു. കന്നുകാലികൾക്കുാകുന്ന രോഗങ്ങൾ ക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാക്കണം. 14–ാം പഞ്ചവത്സര പദ്ധതിയുടെ മാം വാർഷിക പദ്ധതിയുടെ രൂപീകരണം കഴിഞ്ഞപ്പോൾ നമ്മുടെ പഞ്ചായത്തിൽ പ്രാദേശിക സാമ്പത്തിക വികസന മേഖലയിൽ പുരോഗതി ഉാക്കുവാൻ സാധിച്ചില്ല. ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ നൽകുന്നു.

- തൊഴിലധിഷ്ഠിത പതികൾ നടപ്പായില്ല
- സംരംഭങ്ങൾ തുടങ്ങുവാൻ ഗുണഭോക്താക്കൾ ലഭ്യമല്ല.
- കുടുംബശ്രീ യൂണിറ്റുകൾ ഈ മേഖലയിൽ യാതൊരു ശ്രദ്ധയും നൽകുന്നില്ല.
- യുവാക്കൾ സ്വയംതൊഴിൽ സംരംഭത്തിൽ എർപ്പെടുന്നതിന് വൈമുഖ്യം കാണിക്കുന്നു.
- ഇതിനാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുന്നില്ല
- വനിതകൾക്ക് 10% തുക നൽകിയെങ്കിലും അവ ഉപയോഗിച്ച് കന്നുകുട്ടി പരിപാലനം കറവപശു വിതരണം: പോലുള്ള പദ്ധതികൾ ആയിരുന്നു.
- പ്രാദേശിക തൊഴിൽ സാധ്യത വികസിപ്പിക്കുവാൻ കഴിഞ്ഞില്ല.
- അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർ മറ്റുമാർഗ്ഗം തേടിപോകുന്ന പ്രവണത
- തൊഴിൽദാതാക്കൾക്ക് അനുകൂലസാഹചര്യം ഇല്ല

ഈ സാമ്പത്തികവർഷം ഗവൺമെന്റ് ഏറ്റവും കൂടുതൽ മുൻഗണന നൽകിയിരിക്കുന്നത് തൊഴിൽ മേറഖലകൾക്കു സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും വേിയാണ്. അതിന്റെ മുന്നോടിയായി തൊഴിൽ സഭകൾ ചേരുകൾ അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരെ കുപിടിച്ച് പ്രത്യേക പോർടലിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ളത് ഈ ഖലയിലെ പ്രശ്നപരിഹാരത്തിന് ഏറെ ഗുണകരമാണ്. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും നൽകിയിട്ട്. ഇതിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് അവരുടെ വന നൈപുണ്യത്തിനും അനുസരിച്ച് വിവിധ തൊഴിലുകൾ തിരഞ്ഞെടുക്കാൻ സാഹചര്യമു്.. അതിനാവശ്യമായ എല്ലാ സഹായങ്ങളും ഗവണ്മെന്റ് ചെയ്യുന്നു. ആയിരം ജനസംഖ്യക്ക് 5 പേർക്ക് തൊഴിൽ എന്ന പരിപാടി നമ്മുടെ പഞ്ചായത്തിലും പ്രാവർത്തികമാക്കേതാണ്. കുടുംബശ്രീ യൂണിറ്റുകൾ സ്വന്തമായി സംരംഭങ്ങൾ നൽകുവാൻ പ്രാമുഖ്യം നൽകണം. അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും വേണം. ഉപ്പന്നങ്ങൾക്ക് നല്ലൊരു മാർക്കറ്റിംഗ് സവിധാനം ഉാക്കിയെടുക്കു ന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാഹചര്യം ഗവൺമെന്റ് ഉാക്കിയിട്ട്. നിയമങ്ങൾ ലഘുകരിക്കുകയും അതിലൂടെ തൊഴിൽസംരംഭങ്ങൾ നടത്താനും സാധിക്കും. തുടങ്ങി നിലച്ചുപോയിരിക്കുന്ന സംരംഭകരെ കത്തെി പദ്ധതികളിലൂടെ സഹായം നൽകി അവരുടെ സംരംഭങ്ങൾക്ക് ഉത്തേചനം നൽകാൻവേിയായിരിക്കണം പദ്ധതികൾ. ലൈസൻസിംഗ് സംവിധാനം ഗവൺമെന്റ് ലഘുകരിച്ചിട്ട്. മികച്ച തൊഴിൽ ദാദാക്കളെ കത്തി അവരിലൂടെ അഭിരുചിക്കനുസരിച്ച് തൊഴിലുകൾ നൽകുകവഴി ഈ രംഗത്തെ പ്രശ്നം പരിഹരിക്കാനാകും എന്റെ തൊഴിൻ എന്റെ അഭിമാനം എന്ന ക്യാമ്പെയിനിലൂടെ നിരവധി അവസരങ്ങൾ നൽകാനും പദ്ധതി ആസൂത്രണം ചെയ്യാനും നമുക്ക് സാധി ക്കും. നൈപുണ്യ വികസനത്തിനുവേി ഹെൽപ്പ്ഡെസ്ക് പോലെയുള്ള നിരവധി സംവിധാനങ്ങൾ നിലവിലു് അവയുടെ പ്രയോജനം പരമാവധി ഉപയോഗിച്ചുകൊ് അതിലൂടെ തൊഴിൽ രംഗത്ത് മുന്നേറ്റം നടത്തുവാനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാനും നമുക്ക് സാധിക്കും.

സേവന മേഖലയിൽ വിവിധ വാർഷിക പദ്ധതികളിൽ കൂടി പദ്ധതി നടപ്പാക്കുക വഴി ഈ മേഖലയിൽ വലിയ മാറ്റം കൊുവരാൻ നമുക്ക് സാധിച്ചു. വലിയ പ്രശ്നങ്ങൾ നിലനിൽക്കുന്നില്ല. പാർപ്പിടരംഗത്തുാകുന്ന പ്രശ്നങ്ങൾ ലൈഫ് മിഷനിലൂടെ നമുക്ക് ഘട്ടം ഘട്ടമായി പരിഹരിക്കുവാൻ സാധിച്ചു. കക്കൂസ് നൽകുകവഴി. ശുചിത്വരംഗത്തെ പ്രശ്നങ്ങ ക്ക് ഏറെക്കുറെ പരിഹാരം കാണാൻ സാധിച്ചു. ഇപ്പോഴത്തെ പുതിയ ക്യാമ്പെയ്ൻ പരിപാടിയായ മാലിന്യ സംസ്കരണം പൂർത്തീകരിക്കുന്നതോടെ ഈ രംഗത്തുള്ള പ്രശ്നങ്ങൾ തീരം ഇനിയും വീടില്ലാത്തവർക്ക് വീടുകൾ നൽകി പ്രശ്നങ്ങൾ പരിഹരിക്കാം.

ആരോഗ്യരംഗത്തും വലിയ പ്രശ്നങ്ങൾ ഇല്ല. കഴിഞ്ഞ പദ്ധതി നടത്തിപ്പുകളിലൂടെ ഈ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചു. നല്ലരീതിയിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി. ആയുർവാദാശുപത്രി ഹോമിയോ ആശുപത്രി, പാലിയേറ്റീവ് കെയർ, വയോജന പരിപാടികൾ എന്നിവയിലൂടെ നമുക്ക് മുന്നേറുവാൻ സാധിച്ചിട്ടു്. കുട്ടികളുടെ പ്രശ്നങ്ങൾക്കും ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾക്കും എല്ലാ വാർഷിക പദ്ധതിയിലുടെയും പരിഹാരം കാണുന്നു. അംഗൻവാടികളുടെ പ്രവർത്തനം നല്ലരീതിയിൽ നടക്കുന്നതുകൊ് കുട്ടികളുടെ പ്രശ്നങ്ങൾ പരിപൂർണ്ണമായി പരിഹരിക്കും.

കുടിവെള്ള രംഗത്ത് വലിയ പ്രശ്നങ്ങൾ നിലനിൽക്കുന്നില്ല. ജലജീവൻ മിഷൻവഴി 90% വീടുകളിലും കുടി വെള്ളം എത്തിക്കുവാൻ നമുക്ക് സാധിച്ചു, ര് കുടിവെള്ളപദ്ധതി നടപ്പിലാക്കുന്നതോടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിപാരം കാണാൻ സാധിക്കും.

പട്ടികജാതി പട്ടികവർക്കാരുടെ പ്രത്യേക ഫനുസരിച്ച് പദ്ധതി നടപ്പാക്കുകവഴി അവരെ സമൂഹത്തിന്റെ മുൻപന്തിയിൽ എത്തിക്കുന്നതിന് നമുക്ക് സാധിച്ചു. ഉൽപ്പാദന മേഖലയിൽ വലിയ പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ലെങ്കിലും സേവന മേഖലയിൽ നല്ല പ്രവർത്തനം കാഴ് ചവയ്ക്കുവാൻ സാധിച്ചു. പാർപ്പിട രംഗത്തെ പ്രശ്നം പരിഹരിക്കുവാൻ സാധിച്ചിട്ട്. ലൈഫ് മിഷനിൽക്കൂടി ബാക്കിയുള്ള പ്രശ്നങ്ങൾ പരിഹരിക്കാം. തൊഴിലധിഷ്ഠിത സംരംഭങ്ങളുടെ

നടത്തിപ്പിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്ന പദ്ധതികൾ അടിയന്തിരമായി ഏറ്റെടുക്കേണ്ടതാണ്. കോളനികളിലെല്ലാം അടിസ്ഥാന സൗകര്യം ലഭ്യമാണ്. പട്ടികവർഗ്ഗക്കാർക്ക് വലിയ പ്രശ്നങ്ങളൊന്നും പഞ്ചായത്തിലില്ല.

വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തനങ്ങൾ നല്ലരീതിയിൽ പോകുന്നുണ്ട്. എല്ലാ വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. കലാസാംസ്കാരിക രംഗങ്ങളിൽ നേട്ടങ്ങൾ ഉാക്കുവാൻ സാധിച്ചിട്ടുണ്ട് പൊതുമരാമത്ത് മേഖലയിലും ഊർജ്ജ മേഖലയിലും പ്രതിസന്ധിയില്ല. ഏറ്റവും കൂടുതൽ തുക ചിലവഴിച്ചു കൊണ്ട് പഞ്ചായത്തിലെ റോഡുകളെല്ലാം നല്ലരീതിയിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഊർജ്ജ രംഗത്തും പ്രശ്നങ്ങളില്ല. തെരുവുവിളക്കുകൾ എല്ലാം സോളാർലൈറ്റുകളാക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

## അദ്ധ്യായം - 4

# 2026-27 ലെ വികസന ലക്ഷ്യങ്ങളും തന്ത്രങ്ങളും

ആയവന ഗ്രാമപഞ്ചായത്തിൽ 14-ാം പഞ്ചവത്സര പദ്ധതി ഒരു നവകേരള സൃഷ്ടിക്കായി ഗവൺമെന്റിന്റെ മാർഗ നിർദ്ദേശങ്ങൾ അനുസരിച്ച് വിവിധ വിഷയ മേഖലകളിൽ പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തി വരികയാണ്. 2025-26 ലെ പദ്ധതി ആസൂത്രണം ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം നമ്മൾ നേരത്തെ ആരംഭിക്കുകയാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിൽ ഊന്നൽ നൽകി വിവിധ വിഷയ മേഖലകളിൽ ഉൽപ്പാദന ക്ഷമതയും തൊഴിൽ ലഭ്യതയും ഉറപ്പാക്കുക വഴി ഒരു നവകേരള സൃഷ്ടി മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു വികസന തന്ത്രത്തിനാണ് നമ്മൾ രൂപം കൊടുത്തിരിക്കുന്നത്.,

* പഞ്ചായത്തിന്റെ പൊതുഭരണവുമായി ബന്ധപ്പെട്ട് ഒരു ദീർഘകാലം ലക്ഷ്യം കൈ വരിക്കുന്നതിലേക്കായി പഞ്ചായത്തിൽ ഉപയോഗമല്ലാതെ കിടക്കുന്ന ഫർണീച്ചറുകളും മറ്റും മാറ്റി പുതിയവ ഉറപ്പാക്കുകവഴി പഞ്ചായത്തിൽ അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഏറ്റവും അത്യാവശ്യമായി 14-ാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷത്തിൽ തന്നെ ഒരു ജനറേറ്റർ വാങ്ങുകയും ഊർജ്ജക്ഷാമം പരിഹരിക്കുകയും ചെയ്തു. നമ്മുടെ പഞ്ചായത്ത് ഒരു ഇക്കോഫ്രണ്ട്‌ലി പഞ്ചായത്തായി മാറ്റുവാൻ വേ നടപടിയുടെ ഭാഗമായി മുഴുവൻ വാർഡുകളിലും മാലിന്യസംസ്ക്കരണം ഒരു ദീർഘകാല അടിസ്ഥാന ലക്ഷ്യത്തോടെ നടപ്പാക്കണം. പ്ലാസ്റ്റിക് വിമുക്തമാക്കിക്കൊണ്ട് ഒരു എംക്കോഫ്രണ്ട്‌ലി പഞ്ചായത്തായി മാറ്റുവാൻ വേണ്ട നടപടികൾ ഈ 14-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കണം. 'തെളിനീരൊഴുകും നവകേരളം' എന്ന മിഷനിലൂടെ മുഴുവൻ ജനങ്ങളേയും സംഘടിപ്പിച്ചുകൊണ്ട് പഞ്ചായത്തിലെ മുഴുവൻ തോടുകളും പുഴകളും സംരക്ഷിക്കുക വഴി ആരോഗ്യ-ശുചിത്വ-കാർഷിക മേഖലയ്ക്ക് ഒരു ദീർഘകാലവിജയം കൈവരിക്കുന്നതിനുള്ള വികസനതന്ത്രമാണ് നടപ്പാക്കുന്നത്. മുഴുവൻ പേർക്കും അടുത്തുവരുന്ന പത്ത് വർഷത്തിനുള്ളിൽ പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെടേണ്ടതാണ്. ആശ്രിതർക്കും ഭിന്നശേഷിക്കാർക്കും വാതിൽപ്പടി സേവനം നടപ്പാക്കുക വഴി പഞ്ചായത്തിലെ മുഴുവൻ പൗരൻമാരുടേയും ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു വികസനപരിപ്രേക്ഷ്യമാണ് നടപ്പാക്കേണ്ടത്.

കാർഷിക മേഖലയിൽ പരിപൂർണ്ണ വികസനം സാധ്യമാക്കുന്നതിലേക്കായി ലക്ഷ്യങ്ങളിൽ പ്രധാനമായും കാർഷിക മേഖലയിൽ കൂടുതൽ തൊഴിലാളികളെ ലഭ്യമാക്കുകയും തൊഴിലധിഷ്ഠിത പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക. ശാസ്ത്ര സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിച്ചു കൊള്ള പദ്ധതികൾ ആവിഷ്ക്കരിച്ചാൽ ഈ മേഖലയിൽ കൂടുതൽ മുന്നേറ്റം ഉണ്ടാക്കാം. തരിശ്ശ് കൃഷിഭൂമി ഉപയുക്തമാക്കുന്നതിന് വേണ്ടി ദീർഘകാല ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുക. കാർഷിക മേഖലയിൽ ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതിലേക്കായി ആഗ്രോ ക്ലിനിക്കുകൾ, കാർഷിക ഉപകരണങ്ങളുടെ ലഭ്യത, തുടർ പദ്ധതികൾ എന്നിവ ആവിഷ്ക്കരിക്കുക. 2027 അവസാനിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലയിൽ ഉൽപ്പാദനങ്ങൾ കൂട്ടുകയും അതോടൊപ്പം കർഷകർക്ക് സാമ്പത്തിക ഉന്നമനം ഉറപ്പാക്കുകയും വേണം. ഈ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി മുൻഗണനാ അടിസ്ഥാനത്തിൽ ഒരു ബയോഫാർമസി ആരംഭിച്ച് കർഷകർക്ക് കാർഷി കവൃത്തിയിൽ മുന്നേറ്റം ഉണ്ടാക്കുവാൻ സാധിക്കും. ഈ ബയോ ഫാർമസി ആരംഭിക്കുക വഴി കർഷകർക്ക് ആവശ്യമായ മണ്ണ് പരിശോധന, കീടരോഗ നിയന്ത്രണത്തിന് ആവശ്യമായ കീടരോഗ നിയന്ത്രണോപാധികൾ എന്നിവ നൽകാൻ സാധിക്കും.

നമ്മുടെ കൃഷിഭവൻ ഒരു സ്മാർട്ട് കൃഷി ഭവൻ ആക്കുന്നതിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ ഇതര സാങ്കേതിക സംവിധാനങ്ങൾ എന്നിവ മുൻഗണനാ അടിസ്ഥാനത്തിൽ നടപ്പിലാക്കിയാൽ കർഷകർക്ക് ഏറെ കൂടുതൽ പ്രയോജനകരമാകും

# വികസന പരിപ്രേക്ഷ്യം

തദ്ദേശഭരണോപനിഷത്തിന്റെ പേര്: ആയവന ഗ്രാമപഞ്ചായത്ത് വിസിറ്റിംഗ് ഗ്രൂപ്പിന്റെ പേര് : കൃഷിയും അനുബ മേഖലകളും

| ക്ര നം. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ* | ദീർഘകാല ലക്ഷ്യം (2032ലെ ലക്ഷ്യം) | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | കൃഷി | നെൽകൃഷി | | 10 ഹെക്ടർ തൊടുകൾ അടഞ്ഞ് കൃഷിയോഗ്യമല്ലാതായി | തരിശുരഹിത പാടശേഖരം | 20 ഹെക്ടർ | 15 ഹെക്ടർ തോടുകൾ ആഴം കൂട്ടി നീരൊഴുക്ക് സാധ്യമാക്കുക |
| 2 | കൃഷി | കീടരോഗ നിയന്ത്രണം | | കീടനാശിനി, കുമിൾനാശിനി അടുത്ത് ലഭിക്കുന്നില്ല | | കൃഷിഭവനിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക് തുടങ്ങുക | കൃഷിഭവൻ വഴി ലഭ്യമാക്കുക |
| 3 | കൃഷി | യന്ത്രവത്ക്കരണം | | ആവശ്യത്തിനില്ല | | കാടുവെട്ട് യന്ത്രം, മോട്ടോർ തെങ്ങ് കയറ്റ യന്ത്രം എന്നിവ നൽകുക | |

സ്ഥലം : ഒപ്പ് :

തീയതി : പേര് :

കൺവീനർ

......................................വർക്കിംഗ് ഗ്രൂപ്പ്

കുറിപ്പ് : കാർഷിക മേഖലയിലെ ഒരു ഉദാഹരണം ചുവടെ നൽകുന്നു.

| | | |
|---|---|---|
| പരിപ്രേക്ഷ്യം | : | നെല്ലുൽപ്പാദനത്തിൽ വർദ്ധനവ് |
| സൂചിക | : | നെൽവിളകളുടെ വിസ്തൃതി (ഹെക്ടർ) |
| ഇപ്പോഴത്തെ അവസ്ഥ | : | 15 ഹെക്ടർ |
| 14-ാം പദ്ധതിയിലെ ലക്ഷ്യം | : | 30 ഹെക്ടർ |

മൃഗസംരക്ഷണവും ക്ഷീര വികസനവും എന്ന മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ ഏറെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കേതുണ്ട്. എല്ലാ വാർഷിക പദ്ധതിയിലും കന്നുകുട്ടി പരിപാലനം, കറവ പശു വിതരണം, ആട് വിതരണം, കോഴിവിതരണം ണം, തുടങ്ങിയ പദ്ധതികൾക്ക് പകരം നമ്മൾ ഇതുവരെ നൽകിയിട്ടുള്ള പദ്ധതികളുടെ തുടർ പ്രവർത്തനം എന്ന രീതിയിൽ ഒരു ദീർഘ കാലവികസന ലക്ഷ്യത്തോടെ ഉള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. ദീർഘകാല ലക്ഷ്യത്തോടുകൂടിയുള്ള നൂതന സാങ്കേതിക വിദ്യയോടുകൂടിയുള്ള മൃഗാശുപത്രിയും അതോടൊപ്പം പാൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും ഉറപ്പാക്കണം.

കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കാത്ത ഉൽപാദനവുമായി ബന്ധപ്പെട്ട കാലിത്തൊഴുത്ത് നിർമ്മാണം, കാലിത്തൊഴുത്ത് നവീകരണം എന്നീ പദ്ധതികൾ അടുത്ത പഞ്ചവത്സരപദ്ധതിയിൽ നടപ്പിലാക്കേണ്ടതാണ്.

ചെലവ് കുറഞ്ഞ വരുമാനദായക പദ്ധതിയായ പോത്തുകുട്ടി വളർത്തൽ പദ്ധതിയും അടുത്ത പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കേതാണ്.

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ കൂടുതൽ തുക (റോഡിതരം) ഉൾക്കൊള്ളിക്കണം.

# വികസന പരിപ്രേക്ഷ്യം

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഗ്രാമപഞ്ചായത്ത്** **വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : മൃഗസംരക്ഷണം**

| ക്രനം. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ* | ദീർഘകാല ലക്ഷ്യം (2032ലെ ലക്ഷ്യം) | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | മൃഗസംരക്ഷണം | കറവപ്പശുക്കൾക്ക് ഉൽപ്പാദനം കൂട്ടൽ | കറവകൂട്ടൽ | ആവറേജ് 8-12 ലിറ്റർ ഉൽപ്പാദനം | 20 മുതൽ 20 ലിറ്റർ ഉൽപ്പാദനം | 18-21 ലിറ്റർ ഉൽപ്പാദനം | കറവപ്പശുക്കളുള്ള എല്ലാ കർഷകർക്കും കാലിത്തീറ്റ സബ്സിഡി നൽകുക |
| 2 | മൃഗസംരക്ഷണം | കന്നുകുട്ടികളെ നേരത്തെ പ്രസവിപ്പിക്കുക | കന്നുകുട്ടികളുടെ വളർച്ച മതി | 15-18 മാസം മതിക്ക് | 15-18 മാസം മതിക്ക് | 12-15 മാസം മതി കാണിക്കാൻ | എല്ലാ കന്നുകുട്ടികളേയും ദത്തടുക്കാൻ ഫണ്ട് വയ്ക്കുക |

പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട ഒരു ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ഒരു വാർഡിൽ 75ൽ കുറയാത്ത വ്യക്തികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കണം. പഞ്ചായത്തിൽ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾ ദീർഘകാല അടിസ്ഥാനത്തിൽ തന്നെ നിലനിൽക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം ഉണ്ടാവണം. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളുമായി മുൻകൂട്ടി ചർച്ച ചെയ്ത് വായ്പാ ബന്ധനങ്ങൾ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ ഉണ്ടാക്കണം.

# വികസന പരിപ്രേക്ഷ്യം

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഗ്രാമപഞ്ചായത്ത്** **വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : മൃഗസംരക്ഷണം**

| ക്രനം. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ* | ദീർഘകാല ലക്ഷ്യം (2032ലെ ലക്ഷ്യം) | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ചെറുകിട വ്യവസായം | കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പാക്കുക | നിലവിൽ വ്യവസായ യൂണിറ്റുകൾ ഇല്ല | നിലവിൽ വ്യവസായ യൂണിറ്റുകൾ ഇല്ല | 1200 പേർക്ക് തൊഴിൽ ലഭ്യത, ഒരു വാർഡിൽ ഒരു ഉൽപ്പന്നം | 1000 പേർക്ക് തൊഴിൽ | വ്യവസായ വകുപ്പുമായി സഹകരിച്ച് പരിശീലനങ്ങൾ നൽകി മറ്റു ധനകാര്യസഹകരണത്തോടെ വ്യവസായി യൂണിറ്റുകൾ ആരംഭിക്കുക |

പതിനാലാം പഞ്ചവത്സര പദ്ധതി നമ്മുടെ പഞ്ചായത്തിൽ വാസയോഗ്യമായ വീടില്ലാത്ത ഒരു കുടുംബം പോലും ഉണ്ടാകരുത് എന്ന കാഴ്ചപ്പാടോടുകൂടി വികസന പ്രക്രിയകൾ ആസൂത്രണം ചെയ്യണം.

# വികസന പരിപ്രേക്ഷ്യം

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഗ്രാമപഞ്ചായത്ത്** **വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : ദാരിദ്ര ലഘൂകരണം**

| ക്ര നം. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ* | ദീർഘകാല ലക്ഷ്യം (2032ലെ ലക്ഷ്യം) | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | സേവനം | വാസയോഗ്യമായ വീട് നിർമ്മിക്കൽ | 60 | 145 | 400 | 145 | ഭവനനിർമ്മാണത്തിന് വിവിധ ഏജൻസികളിൽ നിന്നും ഫണ്ട് സ്വരൂപിച്ച് മുഴുവൻ പേർക്കും വാസയോഗ്യമായ വീട് നിർമ്മിക്കുക |
| 2 | സേവനം | കക്കൂസ് മെയിന്റനൻസ് | 150 | 70 | 600 | 70 | തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിച്ച് അഞ്ച് വർഷം കൊണ്ട് എല്ലാവർക്കും കക്കൂസ് അനുവദിക്കുക |

ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ പദ്ധതി രൂപകൽപ്പന ചെയ്യണം. ആവശ്യമായ ഭിന്നശേഷി ഉപകരണങ്ങൾ ലഭ്യമാക്കുക വഴി ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാം. ബഡ്സ് സ്കൂളിന്റെ പ്രവർത്തനം കാലതാമസം കൂടാതെ ആരംഭിക്കണം. നമ്മുടെ പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങൾ നാലഞ്ചോളം ഉണ്ട്. നമ്മൾ പഞ്ചായത്തിൽ നിന്നും പതിനാലാം പഞ്ചവത്സര പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടന കൾക്കും ഏജൻസികൾക്കും ആവശ്യമായ സഹകരണം ഉറപ്പാക്കുക. വൃദ്ധന്മാർക്ക് മാനസിക ഉല്ലാസത്തിനായ പകൽ വീട് പോലുള്ള സംരംഭങ്ങൾ പഞ്ചായത്തിന്റെ ഒഴിവുള്ള കെട്ടിടങ്ങളിൽ ആരംഭിക്കണം.

ഈ മേഖലയിലെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുവേി ഒരു ദീർഘകാല വികസന പത പ്രേക്ഷ്യം സാധ്യമാക്കണം. അതിനായ് നമ്മൾ പദ്ധതികൾ വയ്ക്കുമ്പോൾ ഒരു വർഷം കൊണ്ട് തീരുന്ന പദ്ധതികൾ അല്ലാതെ അഞ്ചോ പത്തോ വർഷം കൊണ്ട് ലക്ഷ്യം കൈവരിക്കാവുന്ന രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ വേണ്ട തന്ത്രമാണ് രൂപീകരിക്കേണ്ടത്. ഉദാഹരണം ബഡ്സ് സ്കൂളുകൾ തുടങ്ങുമ്പോൾ അതിന്റെ പ്രവർത്തനം ദീർഘകാല അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനുള്ള വികസന തന്ത്രമാണ് നാം മുമ്പേ കാണേണ്ടത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ തൊഴിൽ യൂണിറ്റ് ആരംഭിക്കണം.

# വികസന പരിപ്രേക്ഷ്യം

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഗ്രാമപഞ്ചായത്ത്** **വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : സാമൂഹ്യനീതി**

| ക്ര നം. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ* | ദീർഘകാല ലക്ഷ്യം (2032ലെ ലക്ഷ്യം) | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ഭിന്നശേഷി | ഭിന്നശേഷിക്കാർക്ക് പഠനസഹായം | സ്കോളർഷിപ്പ് | ഭിന്നശേഷികാർക്ക് സ്കോളർഷിപ്പ് | 800 പേർക്ക് സ്കോളർഷിപ്പ് | 400 പേർക്ക് സ്കോളർഷിപ്പ് | അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും സ്കോളർഷിപ്പ് |
| 2 | ഭിന്നശേഷി | സഹായ ഉപകരണം ലഭ്യമാക്കൽ | സഹായ ഉപകരണം | നിലവിൽ പദ്ധതിയില്ല | 300 സഹായം ലഭ്യമാക്കുക | 125 സഹായം ലഭ്യമാക്കുക | സഹായ ഉപകരണ വിതരണത്തിന് തുക വകയിരുത്തുക |

വനിത വികസന മേഖലയിൽ അടുത്ത 14-ാം പഞ്ചവത്സര പദ്ധതികാലത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സ്ഥായിയായ ഒരു വികസന ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികളായിരിക്കണം ആസൂത്ര ണം ചെയ്യേണ്ടത്. എല്ലാ വാർഡുകളിലും ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് പകരം പഞ്ചായത്തിൽ രണ്ടോ മൂന്നോ നല്ല രീതിയിലുള്ള വിവിധങ്ങളായ വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് ചുരുങ്ങിയത് ഒരു യൂണിറ്റിൽ 50 വനിതകൾക്കെങ്കിലും തൊഴിൽ ലഭ്യമാക്കുന്ന രീതിയിലായിരിക്കണം. ഈ വ്യവസായ യൂണിറ്റുകളിൽക്കൂടി പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും വഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. പഞ്ചായത്തിലെ കുടുംബശ്രീകളുടെ കൂട്ടായ്മയിലൂടെ ഇവരുടെ ചെറുകിട വ്യവസായ യൂണിറ്റിലെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു മാർക്കറ്റിംഗ് സംവിധാനം ഉറപ്പാക്കണം. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികളിൽ അടിസ്ഥാന സൗകര്യം അടിയന്തിരമായി ഉറപ്പാക്കണം.

# വികസന പരിപ്രേക്ഷ്യം

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഗ്രാമപഞ്ചായത്ത്** **വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : ശിശുവികസനം**

| ക്ര നം. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ* | ദീർഘകാല ലക്ഷ്യം (2032ലെ ലക്ഷ്യം) | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | കുട്ടികൾ | അംഗൻവാടി പോഷകാഹാരം | | പോഷകാഹാര വിതരണത്തിന് തുക അപര്യാപ്തം | | പോഷകാഹാരത്തിന് കൂടുതൽ തുക വകയിരുത്തുക | പ്രശ്നപരിഹാരത്തിനാവശ്യമായ തുക പദ്ധതിയിൽ വകയിരുത്തുക |
| 2 | കുട്ടികൾ | എല്ലാ അംഗൻവാടികൾക്കും സ്വന്തം കെട്ടിടം | സ്ഥലവും കെട്ടിടവും ഇല്ല | വാടക/ വാടക രഹിതം | സ്വന്തമായി കെട്ടിടവും സ്ഥലവും | 2 അംഗൻവാടിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക | പ്രശ്നപരിഹാരത്തിനാവശ്യമായ തുക പദ്ധതിയിൽ വകയിരുത്തുക |

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ അവസാനിക്കുന്ന വർഷകാലം ഗവൺമെന്റിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുംകല് മാ ഫണ്ടുകൾ ലഭ്യമാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ധമ ലക്ഷ്യം. പഞ്ചായത്തിലെ മിക്ക വാർഡുകളിലും ഇവരുടേതായ തുക ഉപയോഗിച്ച്കൊണ്ടുള്ള കമ്മ്യൂണിറ്റി ഹാളുകളും ഈ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് മുഴുവൻ യുവതീ യുവാക്കൾക്കും വ്യവസായ യൂണിറ്റുകളും ഇവരുടെ അറിവ് വർദ്ധിപ്പിക്കുന്നതിലേക്കായി ലൈബ്രറികൾ, സ്പോ സംവിധാനങ്ങൾ എന്നിവ പ്രാവർത്തികമാക്കണം.

## വികസന പരിപ്രേക്ഷ്യം

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഗ്രാമപഞ്ചായത്ത്** **വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : പട്ടികവർഗ്ഗ വികസനം**

| ക്ര നം. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്ത അവസ്ഥ* | ദീർഘകാല ലക്ഷ്യം (2032ലെ ലക്ഷ്യം) | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | പട്ടികജാതിവികസനം | സമൂഹത്തിൽ ഉന്നതപദവിയിലെത്തിക്കുക | മെച്ചപ്പെട്ടിട്ടുണ്ട് | മെച്ചം | മുഴുവൻപേർക്കും വീടുകൾ, കക്കൂസ്, കുടിവെള്ളം ലഭ്യമാക്കുക | പകുതിയിലധികം പേർക്കും വാസയോഗ്യമായ വീട്, കുടിവെള്ളം, കക്കൂസ് ലഭ്യമാക്കുക | ഓരോ വാർഷിക പദ്ധതികളിലും എസ്.സിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുക |

ആരോഗ്യ മേഖലയിലെ സമഗ്രമായ വികസന ലക്ഷ്യത്തോടുകൂടിയ പരിപാടിയാണ് ആസൂത്രണം ചെയ്യേണ്ടത്. 2027 അവസാനിക്കുന്ന കാലഘട്ടത്തിൽ എല്ലാവിധ രോഗ വിമുക്ത പഞ്ചായത്തായി മാറണമെന്ന ഒരു ദീർഘകാല ലക്ഷ്യത്തോടുകൂടിയുള്ള പദ്ധതിയാണ് നടപ്പാക്കേണ്ടത്. ആരോഗ്യ മേഖലയിലെ ഇപ്പോഴുള്ള അവസ്ഥ ഇതിൽ കൂടുതൽ നല്ല രീതിയിലേക്ക് ഉയർത്തേണ്ടുന്ന പ്രവർത്തനങ്ങൾ നടത്തണം. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഒരു ചികിത്സാ രീതിയാണ് നാം പ്രാബല്യത്തിൽ വരുത്തേണ്ടത്. ആയതിലേക്കായി നമ്മുടെ കുടുംബാരോഗ്യകേന്ദ്രത്തിന് ലഭ്യമായ സ്ഥലത്ത് കിടത്തി ചികിത്സയ്ക്ക് ആവശ്യമായ കെട്ടിടം അത്യാവശ്യമായി ഉണ്ടാക്കേണ്ടതാണ്. ഹോമിയോ, ആയുർവ്വേദം തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച അവരുടെ പ്രശ്നങ്ങൾക്ക് ദീർഘകാല അടിസ്ഥാനത്തിലുള്ള വികസന ലക്ഷ്യം നടപ്പാക്കണം.

## വികസന പരിപ്രേക്ഷ്യം

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഗ്രാമപഞ്ചായത്ത്** **വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : ആരോഗ്യം**

| ക്ര നം. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്ത അവസ്ഥ* | ദീർഘകാല ലക്ഷ്യം (2032ലെ ലക്ഷ്യം) | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | പആരോഗ്യം | ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക | ഇപ്പോൾ പരിമിതമായ സൗകര്യങ്ങൾ ഉള്ളൂ. | അടിസ്ഥാന സൗകര്യക്കുറവ് | എഫ്.എച്ച്.സി. തലത്തിലേക്ക് സൗകര്യം കൂട്ടുക. കിടത്തി ചികിത്സയ്ക്കുള്ള സൗകര്യം ഉണ്ടാക്കുക | ഇപ്പോഴുള്ള സൗകര്യം മെച്ചപ്പെടുത്തുക. ഒ. പി. സൗകര്യം വിപുലപ്പെടുത്തുക. ഡോക്ടർ, സ്റ്റാഫ് േനഴ്സ് എന്നീ തസ്തിക ലഭ്യമാക്കുക | ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ഫണ്ട് ലഭ്യമാക്കുക. പഞ്ചായത്തിൽ നിന്നുള്ള പരമാവധി വിഹിതം ലഭ്യമാക്കുക. സി.ആർ.എസ്. ഫണ്ട് ലഭ്യമാക്കുക |

# വികസന പരിപ്രേക്ഷ്യം

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഗ്രാമപഞ്ചായത്ത്** **വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : ആരോഗ്യം**

| ക്ര നം. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ* | ദീർഘകാല ലക്ഷ്യം (2032ലെ ലക്ഷ്യം) | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ആരോഗ്യം | പ്രകൃതിദുരന്തങ്ങളും മുഖേനയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുക | നിലവിൽ പരിമിതമായ സൗകര്യം ഉണ്ട് | പി.എച്ച്.സി ഒ.പി. മാത്രമായി പ്രവർത്തിക്കുന്നു | പി.എച്ച്.സി.ക്ക് ആവശ്യമുള്ള ഭൗതിക സൗകര്യം ഉറപ്പാക്കുക | ആരോഗ്യമേഖല കൂടുതൽ മെച്ചപ്പെടുത്തുക സി.എഫ്.എൽ.ടി സി. പോലുള്ള ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുക | പഞ്ചായത്തിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ഫണ്ട് സ്വരൂപിക്കുക |

കുടിവെള്ള പദ്ധതി നടപ്പാക്കുമ്പോൾ നമ്മൾ നടപ്പാക്കുന്ന പദ്ധതി ഒരു ദീർഘകാല ലക്ഷ്യം ഉദ്ദേശിച്ചുള്ളതായിരിക്കണം. എല്ലാ വാർഡുകളിലും കുറേശേ പൈപ്പ് ലൈൻ നീട്ടുന്ന പദ്ധതി ഒഴിവാക്കി അടുത്ത അഞ്ച് വർഷം സമയോചിതമായി ഒന്നോ രണ്ടോ വാർഡുകളിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണത്തക്ക രീതിയിലായിരിക്കണം. അങ്ങനെ ഏറ്റെടുത്താൽ ആ പദ്ധതിയുടെ പ്രയോജനം പത്തോ അൻപതോ വർഷക്കാലത്തേക്ക് ജനങ്ങൾക്ക് പ്രയോജനമാണ്.

ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ശുചിത്വം ഉറപ്പാക്കുന്നതിലേക്കായി പഞ്ചായത്തിൽ ഒരു ദീർഘകാല ലക്ഷ്യം വെച്ചുകൊള്ള മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കണം.

കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് പഞ്ചായത്തിന്റെ ഉയർന്ന പ്രദേശത്ത് കുടിവെള്ള പദ്ധതികൾ നിർമ്മിച്ചു. മൂന്ന് തട്ടിലുള്ള തദ്ദേക സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നല്ല രീതിയിലുള്ള മാലിന്യ സംസ്കരണ പ്ലാന്റ് പഞ്ചായത്തിൽ നിർമ്മിക്കണം.

12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് മുഴുവൻ ഗവൺമെന്റ് സ്കൂളുകളിലും കൂടുതൽ കുട്ടികളെ പഠിപ്പിക്കുന്നതിനുവേ ലക്ഷ്യം സാക്ഷാത്ക്കരിക്കണം. മുഴുവൻ സ്കൂളുകളും സ്മാർട്ട് സ്കൂൾ തന്നെ മുൻഗണനാ അടിസ്ഥാനത്തിൽ നടപ്പാക്കണം.

# വികസന പരിപ്രേക്ഷ്യം

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഗ്രാമപഞ്ചായത്ത്**

**വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : വിദ്യാഭ്യാസവും കലയും സംസ്കാരവും യുവജനകാര്യം**

| ക്ര നം. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ* | ദീർഘകാല ലക്ഷ്യം (2032ലെ ലക്ഷ്യം) | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | 14-ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | വിദ്യാഭ്യാസം | സർക്കാർ സ്കൂളുകളിൽ കൂടുതൽ കുട്ടികളെ ആകർഷിക്കൽ | 150 | കുട്ടികളുടെ എണ്ണക്കുറവ്, ഭൗതിക സാഹചര്യങ്ങളുടെ കുറവ് | 600 കുട്ടികൾ | 300 കുട്ടികൾ | ഭൗതിക സൗകര്യം ഉറപ്പാക്കുകയും രക്ഷിതക്കാളെ ബോധവൽക്കരിക്കുകയും ചെയ്യുക |

പൊതുമരാമത്ത് മേഖലയിലെ പണികൾ ഏറ്റെടുക്കുമ്പോൾ അവയുടെ ഗുണമേന്മ ദീർഘകാലം നീ നിൽക്കുന്ന രീതിയിൽ ദീർഘകാല വികസന പരിപ്രേക്ഷ്യം സാധ്യമാക്കുക.

## വികസന പരിപ്രേക്ഷ്യം

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഗ്രാമപഞ്ചായത്ത്** **വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : പൊതുമരാമത്ത്**

| ക്ര നം. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ* | ദീർഘകാല ലക്ഷ്യം (2032ലെ ലക്ഷ്യം) | 14–ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | 14–ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | പൊതുമരാമത്ത് | ആസ്തി വികസനം ഉറപ്പാക്കുക | പഞ്ചായത്തിന്റെ പൊതു ആസ്തികൾ | പൊതു ആസ്തികൾ ഭാഗിഗമായി മെച്ചപ്പെട്ടിട്ടുണ്ട് | മുഴുവൻ ആസ്തികളുടേയും വികസനം ഉറപ്പാക്കുക | ആസ്തികളുടെ വികസനം | ഒരു ആസ്തിയുടെ മുഴുവനായ വികസനം ഒരു വാർഷിക പദ്ധതിയിൽ ഉറപ്പാക്കുക |

കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ച് കൃഷിരീതികൾ നടപ്പിലാക്കാൻ പദ്ധതി ആവിഷ്ക്കരിക്കണം. 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ദുരന്തങ്ങളെ നേരിടാൻ വേണ്ട വാർഡ്തല കർമ്മസമിതികളും പൊതുജനങ്ങളുടെ കൂട്ടായ്മയും ഉണ്ടാക്കിയെടുക്കണം. എല്ലാ വാർഡുകളിലും ഉറവിട മാലിന്യ സംസ്ക്കരണത്തിനുള്ള സാധ്യത പ്രയോജനപ്പെടുത്തണം. എല്ലാ വാർഡുകളിലും ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുകയും കരദ്രവ്യ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാനുമുള്ള പ്രവർത്തികൾ തുടരണം. ഹരിതകർമ്മ സേന പഞ്ചായത്തിന്റെ നിയമത്തിന്റെ പിൻബലത്തോടെ നല്ല രീതിയിൽ പ്രവർത്തിക്കണം.

അദ്ധ്യായം 5

# വിഭവസ്രോതസുകളും വകയിരുത്തലുകളും

# 2026-27 വാർഷിക പദ്ധതി

| | | |
|---|---|---|
| 1. | വികസനഫണ്ട് | |
| a | സാധാരണ വിഹിതം | 2,51,89,000 |
| b | കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| | ബി.സി ഗ്രാന്റ് | 0 |
| | ടൈഡ് ഗ്രാന്റ് | 0 |
| I | പട്ടികജാതി ഉപപദ്ധതി | 3862000 |
| II | പട്ടികവർഗ്ഗ പദ്ധതി | 140000 |
| III | മെയിന്റനൻസ് ഫണ്ട് | |
| 1 | റോഡിതരം | 4132000 |
| 2 | റോഡ് | 15267000 |
| IV | ബ്ലോക്ക് വിഹിതം | 4700920 |
| V | ജില്ലാ വിഹിതം | 6001240 |
| VI | സംസ്ഥാനവിഹിതം | 15000000 |
| VII | തനത് ഫണ്ട് | 2621062 |
| | | |

കൂടാതെ പദ്ധതിയുടെ സബ്സിഡി മാനദണ്ഡം അനുസരിച്ചുള്ള ഗുണഭോക്തൃവിഹിതം കൂടി ഉൾക്കൊള്ളിക്കേണ്ടതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ തുക ലഭ്യമല്ലാത്തതിനാൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഗവൺമെന്റ് തുക അനുവദിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്

## അദ്ധ്യായം - 6

# പ്രൊജക്ടുകളും അവയുടെ വിശദാംശങ്ങളും

14-ാം പഞ്ചവത്സര പദ്ധതിയുടെ അഞ്ചാം വാർഷിക പദ്ധതിയായ 2026-27 വർഷത്തിലെ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു. എല്ലാ ഗ്രാമസഭകളിലും കരട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് ക്രോഡീകരിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനപ്രകാരം വികസന സെമിനാറിന്റെ ചർച്ചയ്ക്കായി നൽകിയിരിക്കുന്നു. 2026 - 27 ബഡ്ജറ്റ് iV - ാം അനുബന്ധപ്രകാരം അനുവദിച്ച തുകയ്ക്ക് മേഖല വിഭജനം നടത്തി പദ്ധതികൾ ആവിഷ്കരിക്കുകയാണ് ചെയ്തിട്ടുള്ളത്.

## അദ്ധ്യായം 7

# പ്രത്യേക പദ്ധതികൾ/പരിപാടികൾ

## 1.പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി

ആയവന ഗ്രാമപഞ്ചായത്തിൽ 14-ാം പഞ്ചവത്സര പദ്ധതിയുടെ അഞ്ചാം വാർഷികപദ്ധതിക്ക് തുടക്കം കുറിക്കുകയാണ്. എല്ലാ വാർഷിക പദ്ധതികളിലും പട്ടികയാതിക്കാർക്ക് ഉന്നമനത്തിന് സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനുവേണ്ടി പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ഉൽപ്പാദന മേഖലയിൽ തൊഴിലവസരങ്ങളും ഉൽപ്പാദനക്ഷമതയും കൈവരിക്കുന്നതിനുവേണ്ടി അവമുവടൈതായ രീതിയിൽ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് 2026-27 സാമ്പത്തിക വർഷത്തിൽ ആവശ്യമായ ഇടപ്പെടുലുകൾ ന ടത്തിയിട്ടുണ്ട്. സേവന മേഖലയിൽ ഇവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ പദ്ധതികളുടെ ഭാഗമായി വീടില്ലാത്തവർക്ക് വീട് നൽകുക, സ്ഥലവും വീടും ഇല്ലാത്തവർക്ക് വീടും, സ്ഥലവും നൽക്കുക. ലൈഫ് മിഷനിൽ കൂടി പദ്ധതികൾ ഏറ്റെടുത്തു കൊണ്ട് ഇവരെ സമൂഹത്തിന്റെ മുൻപന്തിയിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഈ വിഭാഗക്കാരുടെ വിദ്യാഭ്യാസ ഉന്നതിക്കുവേണ്ടി പറനോപകരണങ്ങൾ, പഠനമുറി, സ്കോളർഷിപ്പുകൾ എന്നിവ നൽകിയിട്ടുണ്ട്. പട്ടികജാ തിക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്കു വേണ്ടി തൊഴിൽ സഭകൾ ചേരുകയും അഭ്യസ്ത വിദ്യാആയവരുടെ 4 അനുസരിച്ചുള്ള തൊഴിലുകൾ ലഭിക്കുന്നതിനു വേണ്ടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2026 -2027 150 ലൈഫ് ഭവനപദ്ധതി, വിട് വാസയോഗ്യമാക്കൽ എസ്/സി വനിതകൾക്ക് സ്വയം തൊഴിൽസംരംഭം തുടങ്ങിയപദ്ധതകൾ ഏറ്റെടുത്തിട്ടുണ്ട്. പട്ടികജാതിക്കാരുടെ കോളനികളിലെല്ലാം അടിസ്ഥാന സൗകര്യം ഉറപ്പാക്കിയതാണ്. പട്ടികജാതിക്കാരുടെ സർവ്വോത്മകമായ പുരോഗതി ലക്ഷ്യമിട്ട് കൊണ്ട് 14-ാം പഞ്ചവത്സരപദ്ധതിയുടെ പൂർത്തീകരണത്തോടെ ഈ വിഭാഗക്കാർ സമൂഹത്തിന്റെ മുൻപന്തിയിൽ വരുന്നതാണ്.

## 2.വനിതഘടക പദ്ധതി.

എല്ലാ വാർഷിക പദ്ധതികളിലും ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം 10% തുക മാറ്റി വച്ച് കൊണ്ട് വിവിധ വിഷയ മേഖലകളിൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. 2025-2026 വാർഷിക പദ്ധതിയിൽ 20 ലക്ഷത്തോളം തുക നീക്കി വച്ചു കൊണ്ട് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ തൊഴിൽ ലഭ്യതയിൽ സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അവസ്ഥാരേഖയുമായി ബന്ധപ്പെട്ട് പരിശോധിച്ചപ്പോൾ പഞ്ചായത്തിലുള്ള കു ടുംബശ്രീ യൂണിറ്റുകൾക്ക് കോടി കണക്കിന് രൂപ വിവിധയിനം വായ് പകളായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ തുകയിൽ നിന്നും അവരുടെ ജീവിത നിലവാരം ഉയർത്തക്ക രീതിയിൽ ഉപയോഗിക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന പദ്ധതി വിഹിതം ഉൾപ്പെടെ ഈ വായ്പകളുമായി സംയോജിപ്പിച്ച് വളരെ നല്ല രീതിയിൽ സംരംഭങ്ങൾ തുടങ്ങുവാനും അതിലൂടെ തൊഴിലും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കാൻ

കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. വനിത കളുടെസുരക്ഷിതത്തിനായിവർഡുത്തോറും ജാഗ്രതസമിതികൾരൂപീകരിച്ച് നല്ലരീതിയിലുള്ള ഇടപ്പെടലുകൾ നടത്തുന്നുണ്ട്. കുടുംബശ്രീയുടെ പ്രഖ്യാപിത ലക്ഷ്യമായ ദാരിദ്രനിർമ്മാർജനം ഉറപ്പാക്കുക എന്നത് നമ്മുടെ പഞ്ചായത്തിൽ അതിന്റെതായ അർത്ഥത്തിൽ നടപ്പാകുന്നില്ല എന്നത് വളരെ ഖേദകരമാണ്. ഈഡർഷികപദ്ധതിമുതലെങ്കിലും ഇതിന് ഒരുമാറ്റം ഉണ്ടായെ തീരൂ.

## 3.സാമൂഹ്യസുരക്ഷ പദ്ധതി.

നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുവേണ്ടി വിവിധയിനം പദ്ധതികൾ എല്ലാ വാർഷിക പദ്ധതികളിലും ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 18 അങ്കണവാടികളിൽ കൂടി മുഴുവൻ കുട്ടികൾക്കും അനുപൂരകഹേഷകാഹാരം പഞ്ചായത്തുമായി സയോജിച്ചു 600 നല്ല രീതിയിൽ നടപ്പാക്കുന്നുണ്ട്. അതോടൊപ്പം വികലാംഗർക്ക് മാനിസിക വൈകല്യം ഉള്ളവർക്ക് സ്കോളർ ഷിപ്പുകൾ നൽകി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ വയോജന സുരക്ഷ ലക്ഷ്യമിട്ടു കൊള്ള പദ്ധതികൾ എന്നിവ നടപ്പാക്കുക വഴി കിടപ്പ് രോഗികൾക്കും നിർദ്ധർക്കും സാമൂഹ്യനീതി ഉറപ്പാക്കുന്നുണ്ട്. അങ്കണവാടികളിൽ കൂടി കൗമാരക്കാരായ പെൺകുട്ടികൾക്കും, മുലയുട്ടുന്ന അമ്മമാർക്കും പോഷാകാഹാര നടപടികൾ നടപ്പാക്കി കൊണ്ട് ഈ വിഭാഗക്കാർക്ക് സാമൂഹ്യനീതി ഉറപ്പാക്കുന്നുണ്ട്.

## 4.15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനുള്ള പദ്ധതി.

എല്ലാ വാർഷികപദ്ധതികളിലും കേന്ദ്രഗവൺമെന്റിന്റെ ധനകാര്യകമ്മീഷൻ ഗ്രാൻറ് വിനിയോഗിച്ച് അവ മുടെ നിർദ്ദേശത്തിനും മാർഗ്ഗരേഖകൾക്കും അനുസൃതമായി പദ്ധതികൾ ഏറ്റെടുത്ത് നടന്ന അവ കാലകമ്മീഷൻ ഗ്രാൻ, ബേയ്സിക്ക് ഗ്രാന്റ്, ടൈ ഗ്രാന്റ് 40, 60 എന്ന അനുപാത്തിൽ ചരുത്തിനും കുടിവെള്ളത്തിനും മറ്റു വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. 2017-2026 വാർഷിക പദ്ധതിയുടെ ഭാഗമായി കേന്ദ്രഗവൺമെന്റിന്റെ പ്രത്യേക നിർദ്ദേശാനുസരണം പ്രത്യേക വിഷയമേഖല തെരഞ്ഞെടുത്തു കൊണ്ട് ആ വിഷയമേഖലയിൽ വയ്ക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു.

## 5.ആസ്തി സംരക്ഷണ പദ്ധതി

പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പടെ വിവിധയിനം ഫണ്ടുകൾ ഉൾപ്പെടുത്തി കൊണ്ട് മുഴുവൻ റോഡുകളുടേയും പുനരുദ്ധാരണം നടപ്പാക്കുന്നുണ്ട്. ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച പഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും ആസ്തികൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഐഎസ്ഒ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി കൊണ്ട് നമ്മുടെ പഞ്ചായത്ത് ടോട്ടൽ ക്വാളിറ്റി മാനേജ് മെന്റിലൂടെ ആസ്തി സരംക്ഷണം ഉറപ്പാക്കിയിട്ടുണ്ട്.

## 6.സദ്ഭരണ പദ്ധതി

ഈ പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾക്കുള്ള സേവനം കുറ്റമറ്റ രീതിയിലാക്കുന്നുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ?????? ലഭ്യമാക്കിയിട്ടുണ്ട്.. പഞ്ചായത്തിൽ വരുന്ന ആവശ്യങ്ങളും ങ്ങളും സമയബന്ധിതമായി തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ഭരമസമിതിയും ഉദ്യോഗസ്ഥരും ഒറ്റമനസ്സോടെ ശ്രദ്ധിക്കാറു്. പഞ്ചായത്തിന്റെ മുഴുവൻ സേവനങ്ങളും സുധാര്യമായിതന്നെയാണ് നടപ്പാക്കുന്നത്. എല്ലാ വർഷ വും പൌരവാകാശരേഖ പുതുക്കുകയും പ്രായാധിക്യം ഗുരുതര രോഗം എന്നിവർക്കുള്ള സേവനം വിട്ട് പുടിക്കൾ എത്തിച്ചു കൊടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്ന ഫ്രമാഫീസ് സംവിധാനം ജനങ്ങളുടെ ആവശ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്.

## 7.മാലിന്യസംസ്കരണ പദ്ധതി

കേരളം എല്ലാ വികസന മേഖലകളിലും ഒന്നാം സ്ഥാനത്തായി എത്തി നിൽക്കുമ്പോൾ ദേശീയ ഗ്രീൻ ട്രൈബ്യൂണലിന്റെ കണക്കനുസരിച്ച് മാലിന്യസംസ്കരണത്തിൽ ഏറ്റവും പുറകിലാണ്. 2016-ലെ ഖരമാലിന്യഘട്ടം പ്രാബല്യത്തിൽ വന്നത്തോടെ മാലിന്യസംസ ്കരണത്തിന് ആരംഭം കുറിച്ചെങ്കിലും അതിന്റേതായ അർത്ഥത്തിൽ പൂർത്തിയാക്കുവാൻ സാധിച്ചില്ല ഈ സമയത്താണ് ബ്രഹ്മപുരത്തുള്ള മാലിന്യ കൂമ്പാരത്തിന് തീ പിടിക്കുകയും അതിനെ തുടർന്ന് ജനങ്ങൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്വമേധയാൽ കേസ്സെടുത്ത് ആ കേസിന്മേൽ വിധി പ്രഖ്യാപിക്കുകയായി. 2025 മാർച്ച് 30-ാം തീയതിയോടു കൂടി സംസ്ഥാന സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കണമെന്നും അതോടൊപ്പം മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും വിധിയിലൂടെ പ്രഖ്യാപിക്കുകയുണ്ടായി. കേരള ഗവൺമെന്റ് ഇതനുസരിച്ച് പ്രവർത്തന കലർ തയ്യാറാക്കുകയും വലിയൊരു ക്യാമ്പൈൻ പരിപാടിയ്ക്ക് ആരംഭം കുറിക്കുകയായി. അടിയന്തിര ഘട്ടം, ഹ്രസ്വകാലഘട്ടം, ദീർഘകാലഘട്ടം എന്നിങ്ങനെ സമയക്രമം തീരുമാനിച്ചു കൊണ്ട് എല്ലാ പഞ്ചായത്തും മാലിന്യസംസ്കരണ പരിപാടി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തും പരിപാടികൾ എറ്റെടുത്ത് നടപ്പാക്കി. വലിയ ബഹുജന കൂട്ടായ്മയോടെ ഉദ്യോഗസ്ഥരും ഭരണസമിതിയും ഈ വിഷയം പ്രത്യേകമായി ഏറ്റെടുത്തു കൊണ്ട് ക്യാമ്പൈൻ പരിപാടികൾക്ക് ആരംഭം കുറിച്ചു. 2021ജൂൺ 1-ാം തീയതി വരെ ഒരു മാസം കാലം കൊണ്ട് നമ്മുടെ പഞ്ചായത്തിലുള്ള മുഴുവൻ പൊതുയിട മാലിന്യങ്ങൾ നീക്കം ചെയ്യുകയും ഹരിതകർമ്മസേനയെ നിയോഗിച്ചു കൊണ്ട് അജൈവമാലിന്യം വാതിൽപ്പടി ശേഖരണം നടത്തുകയും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ടത് ആവശ്യകത വീടുകൾത്തോറും ബോധ്യപ്പെടുത്തുകയും ഒരു വലിച്ചെറിയൽ മുക്ത പഞ്ചായത്തായിമാറ്റുന്നതിന് എല്ലാവിധ ടികളും ഏറ്റെടുത്തിട്ടുണ്ട്. ഓരോ പ്രവർത്തനങ്ങളും സമയാസമയങ്ങളിൽ ജനകീയ സോഷ്യൽ ഓഡിറ്റ് നടത്തി ഓഡിറ്റ് സഭ വിളിച്ച് ചേർത്ത് ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ച് പഞ്ചായത്തിൽ എൽപ്പിച്ചിട്ടുണ്ട്. മും മൂന്നും ഘട്ടങ്ങൾ പൂർത്തീകരിക്കുന്നത്- ഭാഗമായി ബഹുജന കൂട്ടായ്മയുടെ കൂടെ വിദ്യാർത്ഥി സമൂഹത്തിനെയും കൂട്ടി ചേർത്തു കൊണ്ട് മാലിന്യസംസ്കരണ ദൈനംദിനം പരിപാടികൾ നടപ്പാക്കി വരുന്നു. 2025-2026 വാർഷിക പദ്ധതിയിലും മാലിന്യ സംസ്കരണത്തിന് ആവശ്യമായ പദ്ധതികൾ വിവിധ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയിട്ടുണ്ട് പൊതുയിടങ്ങളിൽ സ്നേഹരാമങ്ങൾ നിർമ്മിച്ചു കൊണ്ട് നമ്മുടെ പഞ്ചായത്ത് 2025 മാർച്ച്

30തീയതി ശുചിത്വവും ഹരിതാപകരവുമായ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. 2026-27 വാർഷിക പദ്ധതിയിലും മാലിന്യ സംസ്കരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

### അദ്ധ്യായം -8

## വായ്പാ ബന്ധങ്ങൾ

ആയവന ഗ്രാമപഞ്ചായത്തിൽ 13-ാം പഞ്ചവത്സര പദ്ധതി വിജയകരമായി പൂർത്തിയാക്കി നാം 14-% പഞ്ചവത്സരവദ്ധിയുടെ അഞ്ചാം വാർഷിക പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. 14-ാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികളിൽ വായ്പാ ബന്ധങ്ങൾ വളരെ കുറച്ചു മാത്രമേ സംയോജിപ്പിക്കുവാൻ സാധിച്ചുള്ളൂ. അതിന് പ്രധാന കാരണം പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട് വാർഷിക പദ്ധതികളിൽ ചെറുകിട വ്യവസായ സംരംഭങ്ങളൊന്നും തുടങ്ങുവാൻ ഗുണഭോക്താക്കൾ തയ്യാറായില്ല. പഞ്ചായത്തിലെ എല്ലാ കുടുംബശ്രീ യൂണിറ്റുകളും സ ല്ലരീതിയിൽ പ്രവർത്തിക്കുന്നവയാണ്. കുടുംബശ്രീ മിഷനിൽ നിന്നുള്ള ലോണുകളും നമ്മുടെ സ്ഥാപന പരിധിയിലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളും സമന്വയിപ്പിച്ചുകൊണ്ട് കുടുംബശ്രീ യൂണിറ്റുകളുടെ തനതായ പ്രവർത്തന ശൈലിയിലൂടെ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് വ്യവസായ വകുപ്പുമായി സഹകരിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി എല്ലാ വാർഡുകളിൽ നിന്നും സംരംഭകർ ലഭ്യമായിട്ടുണ്ട്. ചെറുകിട വ്യവസായ രംഗത്ത് അവർ ഏറ്റെടുക്കേണ്ട പദ്ധതികളുടെ വിശദാംശങ്ങളും പ്രൊജക്റ്റ് റിപ്പോർട്ടുകളും വ്യവസായ വകുപ്പുമായി സമന്വയിപ്പിച്ച് പ്രാരംഭ നടപ ടികൾ നടപ്പാക്കി വരുന്നുണ്ട്. അത പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് ധനകാര്യ സ്ഥാപനങ്ങളുമായി ആലോചിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് പദ്ധതി രേഖയുടെ ഭാഗമാക്കുന്നതാണ്

### അദ്ധ്യായം - 9

## 2026-27 വാർഷിക പദ്ധതി സംയോജന സാധ്യതകൾ

14-ാ ം പഞ്ചവത്സര പദ്ധതിയുടെ 5-ാം വാർഷിക പദ്ധതിക്ക് രൂപം നൽകുമ്പോൾ സുസ്തിര വകസനലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേ വിവിധ വികന വിഷയ മേഖലയിലെ പദ്ധതികൾ മുകൾത്തട്ടുമായി വിവിധ ഏജൻസിക ളമായി കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഫണ്ട് സമന്വയിപ്പിച്ചുകൊണ്ട് സംയോജന സാധ്യതകൾ പരമാവതി പ്രയോ ജനപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിക്കാണ് നാം ആസൂത്രണം ചെയ്തിരിക്കുന്നത്. ഓരോ വിഷയമേഖലയിലും കൈക്കൊണ്ടിട്ടുള്ള സംയോജന സാധ്യതകളാണ് ഖണ്ഡികയായി നൽകിയിരിക്കുന്നു.

പൊതുഭരണവും ധനകാര്യവും എന്ന വിഷയ മേഖലയിൽ പദ്ധതി ഏറ്റെടുക്കുമ്പോൾ നാം പ്രധാനമായും ലഭ്യമായ ഫണ്ടും മുകൾതട്ടുപഞ്ചായത്തുകളായ ബ്ലോക്ക്/ ജില്ല പഞ്ചായത്തുപദ്ധതികളുമായി സംയോജിച്ചാണ് നടപ്പാക്കുന്നത്. ആസ്തി വികസനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി മുകൾത്തട്ടുപഞ്ചായത്തുമായി സംയോജിപ്പിച്ച് പദ്ധതി കൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 24, 25 ൽ രണ്ടുകുടിവെള്ളപദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അനുപൂരക പോഷകാഹാര പരിപാടിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം സംയോജിപ്പിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലെ പദ്ധതി ഏറ്റെടുക്കുമ്പോൾ മുകൾത്തട്ടുപഞ്ചായത്തുമായി സംയോജിച്ച് പദ്ധതി നടപ്പാക്കുന്നുണ്ട്. കാർഷിക മേഖലയിലുണ്ടാകുന്ന രോഗപ്രതിരോധം പരിപൂർണമായി മാറ്റുന്നതിനുവേണ്ടി നല്ലൊരു അഗ്രോ ഫാർമസി പഞ്ചായത്തിലത്യാവശ്യമാണ്. ജില്ലാപഞ്ചായത്തുമായി സഹകരിച്ച് പദ്ധതി നടപ്പാക്കാൻ നടപടി കൈക്കൊള്ളുന്നതാണ്. കൃഷിവകുപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര/ സംസ്ഥാന സർക്കാരുകളുമായി നിരവധി പദ്ധതികൾ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കാൻ പ്രത്യേക യോഗംചേർന്ന് ആസൂത്രണ സംവിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും തമ്മിൽ തീരുമാനിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തംമൂലം കൃഷി നശിക്കുന്നത് തടയുന്നതിനുവേണ്ടി തൊഴിലുറപ്പുഫണ്ടുമായി സംയോജിപ്പിച്ച് പാടശേഖര ബന്ധുകൾ നീർച്ചാലുകൾ താഴ്ത്തി നീരൊഴുക്ക് സുഖമമാക്കുന്നതിനു വേണ്ടി പദ്ധതി സംയോജിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിൽകൂടി പുഴ കടന്നുപോകുന്നതുകൊണ്ട് ജലസേചന പദ്ധതികൾ ജില്ലാപഞ്ചായത്തും കൃഷിവകുപ്പുമായി ആലോചിച്ച് നടപ്പാക്കേണ്ടതാണ്. പരിപ്പുതോട് പാടശേഖരത്തിൽ തോട് സൈഡ്കെട്ടി നെൽകൃഷി സംരക്ഷണം സംസ്ഥാനസർക്കാരിന്റെ ഏജൻസികളുമായി സഹകരിച്ച് നടപ്പാക്കികഴിഞ്ഞു. മൃഗ സംരക്ഷണവകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ നടപ്പാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. കാലിത്തീറ്റയുടെ വിലവർദ്ധനവ് പിടിച്ചുനിർത്താൻ ഒരു കാലിത്തീറ്റാ ഫാക്ടറിയുടെ സാധ്യത പ്രാദേശിക വികസന വിഷയമേഖലയുമായി യോജിച്ച് നടപ്പാക്കാൻ ശ്രമം നടത്തേണ്ടതാണ്. ബ്ലോക്കുപഞ്ചായത്തുമായി സംയോജിച്ച് പാലുൽപ്പന്ന യൂണിറ്റ് തുടങ്ങേണ്ടതാണ്. കന്നുകാലികളുടെ രോഗപ്രതിരോധത്തിന് നൂതനമായ ചികി ത്സാരീതി ജില്ലാപഞ്ചായത്ത് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കാൻ തീരുമാനിക്കേണ്ടതാണ്.

പ്രാദേശിക സാമ്പത്തിക വിഷയ മേഖലയിൽ കഴിഞ്ഞ വാർഷിക പദ്ധതികളിൽ ഗുണകരമായ പദ്ധതികളൊന്നും ഇല്ലായിരുന്നു. ഈ വർഷം സർക്കാർ നിർദ്ദേശപ്രകാരം ഈ വിഷയമേഖലയിൽ പ്രത്യേക പരിഗണന നൽകിക്കൊണ്ട് വനിതാഘടക പദ്ധതി ഈ വിഷയമേഖലയിൽതന്നെ നടപ്പാക്കുവാൻ തീരുമാനിക്കണം. വിവിധ ധനകാര്യ സ്ഥാപനവുമായി സംസാരിച്ച് ആവശ്യമായ വായ്പകൾ ലഭ്യമാക്കുന്നതിനുവേണ്ട ചർച്ചകൾ നടന്നുവരികയാണ്. തൊഴിൽലഭ്യത, സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നരീതിയിൽ മുകൾ പഞ്ചായത്തുകളുമായി സഹകരിച്ച് മാർക്കറ്റിംഗ് സംവിധാനം വിപുലപ്പെടുത്തുന്നതിനുവേണ്ടി ആലോചിക്കണം. കുടുംബശ്രീ യൂണിറ്റുകളെ സജീവമായി ഇടപെടുത്തി കുടുംബശ്രീമിഷനുകളിൽനിന്നുമുള്ള ഫണ്ടുകളും ഈ മേഖലയിൽ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്

പാർപ്പിട പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനുവേണ്ടി ബ്ലോക്കുപഞ്ചായത്തും ജില്ലാ പഞ്ചായത്തും ആരുടേതായ തുക വകയിരുത്തിക്കൊണ്ട് പദ്ധതി നടപ്പാക്കുന്നുണ്ട്. മറ്റ് വ്യക്തികളിൽനിന്നും സി.എസ്. ആർ. ഫണ്ട് ലഭ്യമാക്കിക്കൊണ്ട് വളരെ ശ്രദ്ധേയമായ മാറ്റങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

സർക്കാരും മുകൾത്തട്ടുപഞ്ചായത്തുമായി സഹകരിച്ച് പി.എച്ച്.സി.യുടെ വികസനം പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതി ആസൂത്രണം ചെയ്യുവാൻ നടപടി കൈക്കൊള്ളേണ്ടതാണ്. ബ്ലോക്കുപഞ്ചായത്തിന്റെ കീഴിൽ കണ സാംസ്കാരിക നിലയങ്ങൾ സ്ഥാപിച്ചുകൊണ്ട് പഞ്ചായത്തിലെ യുവജനങ്ങൾകൂടി കലാ-സാംസ്കാരിക രംഗത്ത് വന്ന നേട്ടം ഉണ്ടാക്കുവാൻ സാധിക്കത്തക്ക രീതിയിൽ പദ്ധതി ആസൂത്രണം നടത്താൻ ഇടപെടേണ്ടതാണ്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ തനതായി ഒരു മാലിന്യ സംസ് കരണ പ്ലാന്റ് സ്ഥാപിക്കുന്നത നുവേണ്ട നടപടി ആരംഭിക്കേണ്ടതാണ്. ശുചിത്വമിഷന്റെ ഫണ്ട്

ഉപയോഗിച്ചുകൊണ്ട് ആധുനിക സൗകര്യത്തോടുകൂടിയ എം.സി.എഫിന്റെ പണി പൂർത്തീകരിച്ചുവരികയാണ്. കേന്ദ്രാവിഷ്കൃത ഫണ്ട് ഭൂരിഭാഗവും മാലിന്യ സംസ്കരണത്തിനുവേ പദ്ധതികളുമായി സംയോജിപ്പിച്ചിട്ടുണ്ട്. തൊഴിലുറപ്പുപദ്ധതിയുടെ തുക സംയോജിപ്പിച്ചുകൊണ്ട് ജൈവമാലിന്യ സംസ്കരണം വീടുകളിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## അദ്ധ്യായം -10
# മോണിറ്ററിംഗ്

നമ്മുടെ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി അംഗ് കാരം ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് കമ്മിറ്റി കൂടി വർക്കിംഗ് ഗ്രൂപ്പുകളെ മോണിറ്ററ ിംഗ് സമിതിയാക്കിക്കൊണ്ടുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയതുകൊണ്ട് മറ്റൊരു ഉദ്യോഗസ്ഥനെ മോണിറ്ററിംഗ് സമിതിയുടെ കൺവീനറായി തീരുമാനിച്ച് നൽകുന്നതാണ്. ഈ മോണിറ്ററിംഗ് സമിതി സമയാസമയങ്ങളിൽ യോഗം കൂടി ഓരോ വിഷയ മേഖലകളിലെ പദ്ധതികളും ന ിർവ്വഹണ പുരോഗതിയും മനസ്സിലാക്കി സമയബന്ധിതമായി നടത്തുന്ന ഇടപെലിലൂടെ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ ലിസ്റ്റ് പദ്ധതി രേഖയുടെ ആദ്യ ഭാഗത്ത് നൽകിയിട്ടുണ്ട്.

# ഉപസംഹാരം..

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ 5- ാം പദ്ധതിയുടെ അന്തിമ പദ്ധതിരേഖ ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയാണ്. എല്ലാ മേഖലകളിലും വികസനം എത്തിക്കുക എന്ന രീതിയാണ് ഈ പദ്ധതി രേഖയിൽ അവലംബിച്ചിരിക്കുന്നത്. സേവനമേഖലയിലും പശ്ചാത്തല മേഖലയിലും കൂടുതൽ തുക വകയിരുത്തി കൊണ്ട് ജനങ്ങളുടെ ക്ഷേമത്തിനും പഞ്ചായത്തിന്റെ ആസ്തി വികസനത്തിനും ഊന്നൽ നൽകിയാണ് നാം പദ്ധതി രേഖ തയ്യാറാക്കിയിരിക്കുന്നത്. ഗ്രാമസഭയിൽ അവതരിപ്പിച്ച കരട് പദ്ധതികൾ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി മാറ്റങ്ങൾ വരുത്തി വികസന സെമിനാറിൽ ചർച്ച ചെയ്ത് വികസന സെമിനാറിന്റെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് അന്തിമ പദ്ധതി രേഖ ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം നേടി നിർവഹണം ആരംഭിക്കുകയാണ്.